Sc/74

# നമ്മുടെ ഭാവി

S. H. SCHOLASTICATE. CHETHIPUZHA. CHANGANACHERRY.

(രണ്ടാം പതിപ്പ്)

MANNANAM COLL. LIBRARY

ഫാദർ ഫിലിപ്പ് ഒ. സി. ഡി.

1946/ S. J. Press, / Mannanam.

DHARMARAM COLLEGE LIBRARY
Acc. No. 80688
Call No. No5/P537

Imprimi Potest

Fr. Constantine of St, mary O. C. D.
Vic. Provincial Det.

Trivandrum
2 Nov. 1945.

Reimprimatur

† James Kalacherry.
Ep. Changanacherry.

*hanganacherry*
9 Nvo· 1945.

---

കുസുമമഞ്ജരം No. 37

# നമ്മുടെ ഭാവി

## 1) ആധുനിക ലോകഗതി.

രണ്ടാമത്തെ ലോകമഹായുദ്ധം അവസാനിച്ചു. ആറു കൊല്ലത്തേക്ക് ലോകത്തെ മുഴുവൻ രക്തപ്പുഴയിൽ ആഴ്ത്തിയിരുന്ന ആ കൂട്ടക്കൊല നിലച്ചു. എന്നാൽ ശാശ്വതമായ സമാധാനം സംസ്ഥാപിതമായോ? ആപല്ശങ്ക കൂടാതെ സ്വപ്രയത്നഫലം അനുഭവിച്ചുകൊണ്ട് സ്വസ്ഥമായ ഒരു ജീവിതം നയിക്കുന്നതിനും സ്വന്തം മനസ്സാക്ഷിയുടെ പ്രചോദനമനുസരിച്ചു കർത്തവ്യകർമ്മങ്ങൾ നിർവ്വഹിച്ചും, മതകർമ്മങ്ങൾ അനുഷ്ഠിച്ചും ജീവിക്കുന്നതിനും ആഗ്രഹിക്കുന്ന മനുഷ്യഗണത്തിനു ഇന്നു അതു സാദ്ധ്യമാണോ? യുദ്ധകാലങ്ങളിൽ, അതിന്റെ അവസാനഘട്ടത്തിൽ പ്രത്യേകിച്ചും നിരവധി പ്രവാചകന്മാർ കുബേരകുചേലവ്യത്യാസമില്ലാത്ത സമ്പൽസമൃദ്ധമായ ഒരു ഭാവിയെ വാഗ്ദാനം ചെയ്തിരുന്നു. ഇന്നു അതു ലബ്ധമായിട്ടുണ്ടോ? ആസന്നഭാവിയിൽ ലഭ്യമാകുമെന്നു പ്രത്യാശിക്കത്തക്ക ലക്ഷണങ്ങൾ വല്ലതും കാണുന്നുണ്ടോ? ഈ ചോദ്യങ്ങൾക്കെല്ലാം ഇനിയും പ്രത്യുത്തരം ലഭിക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്.

ലോകമഹായുദ്ധം നിന്നു, ബോംബേറു് അവസാനിച്ചു; യന്ത്രത്തോക്കുകൾ നിശ്ശബ്ദമായിക്കഴിഞ്ഞു; കവചവാഹനങ്ങളുടെയും ടാങ്കുകളുടെയും ത്വരിതഗമനം നിലച്ചു. എന്നാൽ ശാശ്വത സമാധാനത്തിന്റെ കിരണങ്ങൾ ഇനിയും ദൃശ്യമായിട്ടില്ല. ലോകം ഭയാനകമായ ഒരു പരിവർത്തനത്തിന്റെ ആരംഭദശയിലാണു് സ്ഥിതിചെയ്യുന്നതെന്നു ലോകഗതിയെ സൂക്ഷ്മവീക്ഷണം ചെയ്യുന്ന ഏതൊരാൾക്കും എളുപ്പം മനസ്സിലാകും. പഴയ

S. H. SCHOOL LIBRARY CHANGANACHERRY CHETHIPUZHA
LIBRARY

HAMMARAM COLLEGE LIBRA

ആ ലോകം... നമ്മുടെ [illegible]ക്കന്മാരുടെ ലോകം, നാം തന്നെ ജനിച്ചു വളർന്നുവന്ന, ആ അന്തരീക്ഷം പാടേ മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ കൺമുമ്പിൽത്തന്നെ ഒരു പുതിയ ലോകം ആവിർഭവിക്കുന്നു. അതിനെത്തടയുവാൻ നമ്മാൽ ആവില്ല. നവമായ ആശയ വികാസങ്ങളാൽ ഉന്നയിക്കപ്പെടുന്ന ഈ ഉൽക്കടൻ പ്രവാഹത്തെ, സ്ഥാപിത താല്പര്യങ്ങളെക്കൊണ്ടും യാഥാസ്ഥിതിക മാമൂലുകളെക്കൊണ്ടും ചിറകെട്ടി നിറുത്താൻ ശ്രമിക്കുന്നതു കേവലം ഭോഷത്തമാണ്.

എന്നാൽ ഒന്നു നാം ഓർക്കണം. നമ്മൾക്കും ഈ ലോകത്തിൽ ഒരു സ്ഥാനമുണ്ട്. പഴയ തോലുരിഞ്ഞുകളഞ്ഞ് നവമായ രൂപം ധരിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിന്റെ സജീവഘടകങ്ങളാണു നമ്മളും. സ്വാഭിലാഷങ്ങളാൽ മാത്രം നിർമ്മിതമായ സ്വപ്ന ലോകത്തിൽ നമ്മെത്തന്നെ അടച്ച്, നമ്മുടെ ചുററിലും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളുടെ യാഥാർത്ഥ്യത്തെ സ്വമനസ്സാ അവഗണിച്ചു ജീവിക്കുന്നതിന് ഇനിയും നാം തുനിയുന്നെങ്കിൽ നമ്മുടെ ഭാവി ശോചനീയമായിരിക്കും. മനുഷ്യജീവിതം പരിണാമവിധേയമാണ്. മാറിക്കൊണ്ടിരിക്കുന്ന ലോകഗതിയനുസരിച്ചു നമ്മുടെ ജീവിതവും മാററുന്നതിനു നമുക്കു കഴിയും. ഇതിനു നാം സന്നദ്ധരാണോ? അതോ, കാലാകരണപ്പെട്ട മാമൂലുകളിൽ അഭയം പ്രാപിച്ച് മുന്നോട്ടു ഗമിക്കുന്ന ലോകത്തെ പിടിച്ചുനിറുത്താനുള്ള വ്യർത്ഥശ്രമത്തിനാണോ നാം ഒരുങ്ങാൻപോകുന്നതു്?

ഈയിടെ ഇംഗ്ലണ്ടിൽ നടന്ന തെരഞ്ഞെടുപ്പ് ലോകസംഭവങ്ങളുടെ യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടച്ചു ജീവിക്കുന്നവർക്ക് ഒരു നല്ല പാഠമായിരിക്കേണ്ടതാണ്. ഇംഗ്ലണ്ടിലെ യാഥാസ്ഥിതിക നേതാക്കന്മാരെ മാത്രമല്ല, ലോകത്തെത്തന്നെ ആകമാനം ആശ്ചര്യസ്തബ്ധരാക്കിത്തീർത്ത അവിചാരിതമായ ആ തെരഞ്ഞെടുപ്പു ഫലത്തിന്റെ കാരണമെന്തു്? അനിഷേധ്യ യുദ്ധനേതാവും സഖ്യകക്ഷികളുടെ വിജയത്തിന് പ്രധാന കാരണക്കാരനുമായ ചർച്ചിലിനെ തട്ടിത്താഴ്ത്തിട്ട്, പുതിയ സോഷ്യ

ലിസ്റ്റ് ഗവൎമ്മെണ്ടിനെ അവിടെ സ്ഥാപിച്ചതു ആരാണ്? അവിടത്തെ യുവജനങ്ങൾ. യുവലോകത്തെ ആകമാനം ബാധിച്ചിരിക്കുന്ന ആധുനിക ചിന്തകളും ആദൎശങ്ങളുമാണു് ഇതിനു കാരണം. പത്തുകൊല്ലങ്ങൾക്കു ശേഷമാണ് ഇംഗ്ലണ്ടിൽ കഴിഞ്ഞ വോട്ടിംഗ് നടന്നതു്. ഈ പത്തുകൊല്ലങ്ങൾക്കിടയിൽ പ്രായപൂൎത്തി പ്രാപിച്ചു, പ്രഥമമായി വോട്ടെടുപ്പിൽ സംബന്ധിച്ച യുവാക്കന്മാരുടെ മനഃസ്ഥിതിയുടെ പ്രതിഫലനമാണ്, നാം ഇംഗ്ലണ്ടിൽ ദൎശിച്ച ആ സോഷ്യലിസ്റ്റ് വിജയം.

ഇൻഡ്യയിലേക്കാൎയ്യമാണെങ്കിലും, ഇതിൽനിന്നു് ഒട്ടും തന്നെ വ്യത്യസ്തമല്ല. ഇവിടത്തെ പൊതുജനഹിതമറിയുന്നതിനുള്ള ഏക മാൎഗ്ഗം കോൺഗ്രസ്സ് തെരഞ്ഞെടുപ്പാണ്. ഒരു തെളിഞ്ഞ സോഷ്യലിസ്റ്റ് നേതാവായിരുന്ന സുഭാഷ് ചന്ദ്രബോസ് ഏതാനും കൊല്ലങ്ങൾക്കുമുമ്പ് രണ്ടാംപ്രാവശ്യം പ്രസിഡണ്ട് സ്ഥാനാൎത്ഥിയായി നിന്ന അവസരത്തിൽ, ഗാന്ധിയേയും അദ്ദേഹത്താൽ നിൎദ്ദേശിക്കപ്പെട്ട സ്ഥാനാൎത്ഥിയേയും പാടേ തോല്പിച്ചു് ബോസിനെത്തന്നെ തൽസ്ഥാനത്തേക്കു തെരഞ്ഞെടുത്തതും ഇൻഡ്യയിലെ യുവജനങ്ങളല്ലാതെ മററാരുമല്ല.

അതെ, ലോകം മാറിക്കൊണ്ടിരിക്കുന്നു. ചർച്ചിലിനെപ്പോലെയുള്ള യാഥാസ്ഥിതിക നേതാക്കന്മാരുടെ സ്ഥാനം, ഇന്നത്തെ യുവജനങ്ങൾക്കു തങ്ങളുടെ ഹിതത്തെ പ്രത്യക്ഷപ്പെടുത്തുന്നതിനുള്ള അവസരം ലഭിക്കുന്നതുവരെ മാത്രമേ നിലനില്ക്കുകയുള്ളു. ഇത്തരുണത്തിൽ ചർച്ചിലിന്റെ അധഃപതനത്തെ സംബന്ധിച്ചു് ആസ്ത്രേലിയൻ പ്രധാന മന്ത്രിയായ ചിഫ്ളിയുടെ വാക്കുകൾ സ്മരണീയങ്ങളാണ്. അദ്ദേഹം പറയുന്നു: "യുദ്ധനേതാവെന്ന നിലയിൽ ചർച്ചിലിനുള്ള സ്ഥാനത്തെ ആരും ചോദ്യം ചെയ്യുന്നില്ല; കാലകരണപ്പെട്ട യാഥാസ്ഥിതിക തത്വങ്ങളുമായി തന്നെ ബന്ധിച്ചതുകൊണ്ടാണ് അദ്ദേഹത്തിനു പരാജയം സംഭവിച്ചതു്."

ലോകത്തെ ഇതുവരെ നയിച്ചിട്ടുള്ള സുപ്രസിദ്ധ നേതാക്കന്മാരുടെ സ്ഥിതി ഇതാണെങ്കിൽ മററുള്ളവരെപ്പ

റി എന്താണു വിചാരിക്കേണ്ടതു്? അതെ, മാറിക്കൊണ്ടിരിക്കുന്ന ലോകഗതിയനുസരിച്ചു നമ്മുടെ ജീവിത രീതിയും മാറാത്തിടത്തോളം കാലം ഭാവിലോകത്തിൽ നമുക്കു സ്ഥാനമില്ല.

എന്നാൽ ഒരു സംഗതി നാം അനുസ്മരിക്കേണ്ടതുണ്ടു്. മനുഷ്യൻ പരിണാമ വിധേയനാണെന്നുള്ളതു് വാസ്തവം തന്നെ. എന്നാൽ മാററാൻ പാടില്ലാത്ത ചില ഗുണവിശേഷങ്ങൾ അവനിൽ സ്ഥിതിചെയ്യുന്നുണ്ടു്. അവയെ വിട്ടുകളഞ്ഞാൽ പിന്നെ അവൻ മനുഷ്യനേ അല്ല. ആ ഗുണവിശേഷങ്ങളെ സൂക്ഷ്മ നിരീക്ഷണത്താൽ മനസ്സിലാക്കണം. അവക്കനുസരണമായിട്ടു ലോകത്തിൻെറയും നമ്മുടെയും പരിവർത്തനത്തെ നാം നിയന്ത്രിക്കണം. നവീനാശയങ്ങളാലും ആദർശങ്ങളാലും പ്രചോദിതമായി മുന്നോട്ടു ഗമിച്ചുകൊണ്ടിരിക്കുന്ന ലോകത്തെ തടഞ്ഞു നിറുത്തുവാൻ പരിശ്രമിക്കുന്നതു ഭോഷത്വമാണെങ്കിൽ, ഈ ഭയങ്കര പ്രവാഹത്തെ അനിയന്ത്രിതമായി വിട്ടേക്കുന്നതു് ആത്മഹത്യാപരമാണു്.

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഈ കടമയ്ക്കു് ചില പ്രത്യേക പ്രാധാന്യങ്ങളുണ്ടു്. കത്തോലിക്കാസഭ രണ്ടായിരം കൊല്ലത്തോളം പഴക്കമുള്ള ഒരു സ്ഥാപനമാണു്. അതിൻെറ പഴക്കംതന്നെ അതിനു് അനിഷ്ടാർഹമായ ഒരു കുററാരോപണമായിത്തീർന്നിരിക്കുകയാണു്. കത്തോലിക്കാസഭയും പഴഞ്ചൻ മനഃസ്ഥിതിയും പര്യായപദങ്ങളാണെന്നു സങ്കല്പിക്കുന്ന സമുദായനേതാക്കന്മാരെ ഇന്നു സുലഭമായിക്കാണാൻ കഴിയും. മാത്രമല്ല, യഥാസ്ഥിതികത്വം കത്തോലിക്കാസഭയുടെ ഒരു സവിശേഷ വിശേഷണംകൂടെയാണു്. ഏതെല്ലാം വിചിത്രതരമായ സാഹചര്യങ്ങളെ അനുകരിച്ചു് എങ്ങനെയെല്ലാം രൂപാന്തരപ്പെട്ടാലും മനുഷ്യൻ മനുഷ്യൻതന്നെ ആയിരിക്കുന്നതുപോലെ കത്തോലിക്കാസഭയും ഏതു നവീനാന്തരീക്ഷങ്ങളിലും കത്തോലിക്കാ സഭയായിത്തന്നെ വർത്തിക്കേണ്ടിയിരിക്കുന്നു. അചേതനങ്ങളായ ചില മൗലികതത്വങ്ങൾ അവൾക്കുണ്ടു്. നവീന ജീവിത രീതികളോടും ആ

ശയങ്ങളോടും നവീനമായ വിധത്തിൽ അവയെ സംഘടിപ്പിക്കാമെങ്കിലും, അവയെ പാടെ മാററുവാനോ, ഉപേക്ഷിക്കുവാനോ സാദ്ധ്യമല്ല.

ഇപ്രകാരമെങ്കിൽ, ഈ പുതിയ പരിതസ്ഥിതികളിൽ കത്തോലിക്കാ സഭയുടെ സ്ഥാനമെന്തു്? അവൾക്കു് അവിടെ ഒരു് സ്ഥാനം ഇല്ലെന്നുതന്നെ വിചാരിക്കുന്നവർ ഒട്ടും കുറവല്ല. ഉററ കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നവരും അങ്ങനെ നില്ക്കുന്നതിനു ദൃഢനിശ്ചയം ചെയ്തിരിക്കുന്നവരുമായ പൌരന്മാർ ഇക്കാര്യത്തിൽ എന്താണു ചെയ്യേണ്ടതു്? അവരുടെ ജീവിതവും പുതിയ ലോകവുമായി എങ്ങനെ സംഘടിപ്പിക്കാം?

## 2) കുററാരോപണം

കത്തോലിക്കാസഭ സകലവിധ പുരോഗമനോന്മുഖപ്രവർത്തനങ്ങളുടെയും ബദ്ധശത്രുവാണു്. മർദ്ദിതരായ മനുഷ്യസഞ്ചയത്തെ മയക്കുന്നതിനുള്ള മരുന്നാണു്. സാധുക്കളുടെ സംരക്ഷണത്തിനുവേണ്ടി കത്തോലിക്കാസഭ എന്തു ചെയ്യുന്നു? ലക്ഷോപലക്ഷം കൂലിവേലക്കാരുടെ ജന്മാവകാശങ്ങളെ നിർദ്ദയമാനസ്സരായ മുതലാളികൾ ചവിട്ടിമെതിക്കുമ്പോൾ അവരെ സംരക്ഷിക്കുന്നതിനു് അവൾ എന്തു പ്രവർത്തിക്കുന്നു? ഇപ്രകാരമെല്ലാമാണു്, ലോകത്തിൽ ഇന്നു വിവിധ ഗ്രൂപ്പുകളിൽ സമുദായോൽക്കർഷണാർത്ഥം ജോലിചെയ്യുന്ന പല മാന്യജനങ്ങളും ചോദിക്കുന്നതു്. ഈ മനഃസ്ഥിതിയുള്ളവരിൽ ഭൂരിഭാഗവും യുവജനങ്ങളാണു്. കത്തോലിക്കരും അക്കൂട്ടത്തിൽ ഒട്ടും കുറവല്ല. ആദർശനിഷ്ഠരും കർമ്മധീരരുമായ അവരുടെ ഹൃദയാങ്കുരത്തിൽ സ്ഥാപിതമായിരിക്കുന്ന പുരോഗമനാത്മകമായ കാര്യപരിപാടിക്കു് കത്തോലിക്കാ സഭയിൽനിന്നു വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ലെന്നുള്ള വസ്തുത അവരെ നിരാശാഭരിതരാക്കുന്നു. കമ്മ്യൂണിസമാണു് അവരുടെ ഏക അഭയസ്ഥാനം. സുഖസന്തോഷ സമ്പൽസമൃദ്ധമായ ഒരു ഭാവിലോകത്തെ വാഗ്ദാനംചെയ്യുന്ന തൽ

പ്രവർത്തകന്മാരാൽ ആകൃഷ്ടരായി ആ പ്രസ്ഥാനത്തിൽ ചേരുന്നതിന്ന് അവർ മടിക്കുന്നു.

ഒരു കത്തോലിക്കാ കോളേജിൽ വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തുവന്ന ഒരു യുവാവ്, ഈയിടെ, തന്റെ ഒരു വന്ദ്യഗുരുഭൂതന്ന് അയച്ച കത്ത് യുവാക്കന്മാരുടെ മനഃസ്ഥിതിയെ പരിപൂർണ്ണമായി പ്രതിബിംബിപ്പിക്കുന്നുണ്ട്.

അയാൾ എഴുതുന്നു:—

"സാമുദായിക നീതിയുടെ സംസ്ഥാപനത്തിലും മർദ്ദനം അനുഭവിക്കുന്ന സാധുജനങ്ങളുടേയും— ഞങ്ങളുടെതന്നെയും— ഉദ്ധാരണത്തിലും ഉൽസുകരായ ഏതാനും കത്തോലിക്കാ യുവാക്കന്മാരാണ് ഞങ്ങൾ. ഞങ്ങളിൽ കുറേപ്പേർ കമ്മ്യൂണിസ്റ്റ് കക്ഷിയിൽ ചേർന്നുകഴിഞ്ഞു. ശേഷമുള്ളവരും അവരുടെ മാതൃകയാൽ ആകർഷിക്കപ്പെടുന്നു. എന്നാൽ ഞങ്ങളുടെ ഇടവക വികാരി കമ്മ്യൂണിസത്തിന്റെ പരമശത്രുവാണ്. കമ്മ്യൂണിസം മതത്തെ നിർമ്മൂലമാക്കുന്നതിനു കച്ചകെട്ടിയിറങ്ങിയിട്ടുള്ളതാകകൊണ്ടും, കത്തോലിക്കാ സഭയാൽ നിരാകരിക്കപ്പെട്ട തത്വങ്ങളെ സ്വീകരിക്കുന്നതുകൊണ്ടും, ആ പാർട്ടിയിൽ ചേരുന്നതു കത്തോലിക്കർക്കു അനുവദനീയമല്ലെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.

"നിങ്ങളും ഏകദേശം ഈ അഭിപ്രായക്കാരനാണെന്ന് എനിക്ക് അറിയാം. എന്നാൽ നിങ്ങളുടെയും മററു വൈദികരുടെയും മനഃസ്ഥിതിയെ നീതീകരിക്കാൻ എങ്ങനെ സാധിക്കുമെന്ന് എനിക്കു മനസ്സിലാകുന്നില്ല. നമ്മുടെ വൈദികർ പുരോഗമനപരമായ സകലപ്രവർത്തനങ്ങളേയും തടയുന്നതിലും സാധുക്കളുടെ ഉന്നമനത്തിനായി പ്രയത്നിക്കുന്നതിൽനിന്നു ഞങ്ങളെ പിൻമാററുന്നതിലും അതീവതാല്പര്യം പ്രത്യക്ഷപ്പെടുത്തുന്നു. താഴെവരുന്ന ചോദ്യങ്ങൾ ചോദിക്കുന്നതിന്ന് എന്നെ സദയം അനുവദിക്കുക.

"ഇന്നത്തെ മുതലാളിത്തം തൊഴിലാളിക്ക് അത്യന്തം ഉപദ്രവകരമാണെന്നും തൻമൂലം ഉടൻ തന്നെ മാററപ്പെടേണ്ടതാണെന്നും നിങ്ങൾ സമ്മതിക്കുന്നുണ്ടോ? ഇ

നത്തെ ലോകത്തെ നാശകൂപത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്ന ആ മുതലാളിത്തത്തെ തകർക്കുന്നതിനായി പരിശ്രമിക്കുന്നതു് സ്വാർത്ഥമാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? ഇൻഡ്യയിലെ കത്തോലിക്കാ യുവാക്കൾക്കു്, ഇപ്പോൾ നിലവിലിരിക്കുന്ന ന്യൂനതകളെ പരിഹരിച്ചു നീതിയുക്തമായ ഒരു സാമ്പത്തികാവസ്ഥ സംസ്ഥാപിക്കുന്നതിനായി പരിശ്രമിക്കുന്നതിനു് അവകാശം, അല്ല, കടമ തന്നെയുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നില്ലേ?

കമ്മ്യൂണിസ്റ്റുപാർട്ടി, സമുദായനീതി സംസ്ഥാപിക്കുന്നതിനായി പ്രയത്നിക്കുന്നെന്നും അതിന്റെ പ്രവൎത്തനങ്ങൾ എല്ലാം വിജയമകുടം ചൂടുന്നെന്നും നിങ്ങൾക്കു് അറിയാമോ? അനേക നൂറ്റാണ്ടു കാലത്തോളം തിന്മയല്ലെന്നോ, അങ്ങനെങ്കിൽതന്നെ അപരിഹാര്യമെന്നോ, വിശ്വസിക്കപ്പെട്ടു പോന്നിരുന്ന അനേകം അനീതികൾ കമ്മ്യൂണിസത്തോടുള്ള ഭയം കാരണം പരിഹരിക്കപ്പെട്ടു പോയിട്ടുണ്ടു്. കമ്മ്യൂണിസമാകുന്ന ഒരു ഭയങ്കര രാക്ഷസനോടുള്ള ഭയം കൊണ്ടല്ലായിരുന്നെങ്കിൽ എത്രയോ സാമുദായിക ദുരവസ്ഥകൾ ഇന്നും നിലനിന്നുപോരുമായിരുന്നു.

“കമ്മ്യൂണിസത്തിൽ ചേരുന്നതു അനുചിതമല്ലെങ്കിൽ ഏതു സംഘത്തിലാണു് ഞങ്ങൾ ചേരേണ്ടതു്? നമ്മുടെ വൈദികർ സാമ്പത്തിക ദുരവസ്ഥകളെ ദൂരീകരിക്കുന്നതിനു വേണ്ടി പ്രാധാന്യമർഹിക്കുന്നതായ എന്തെങ്കിലും പ്രവൃത്തിയിൽ വരുത്തിയിട്ടുണ്ടോ?— അതായതു് ഒരു ജനതയെ മുഴുവൻ ബാധിക്കത്തക്കതായും കമ്മ്യൂണിസ്റ്റു് പ്രവൎത്തനങ്ങളോടു കിടപിടിക്കത്തക്കതായും എന്തെങ്കിലും അവർ പ്രവൎത്തിച്ചിട്ടുണ്ടോ? അവർ കമ്മ്യൂണിസത്തെ ചീത്തപറയുന്നു. എന്നാൽ ഇന്നത്തെ ദുഃസ്ഥിതികളിൽനിന്നു് ഞങ്ങളെ സമുദ്ധരിക്കുന്നതിനു് അവർ എന്തു ചെയ്യുന്നുണ്ടു്? അപൂർവ്വമായി ഏതാനും ചില വ്യക്തികൾ ചെയ്യുന്ന ധൎമ്മപ്രവൃത്തികളെപ്പററി എന്നോടു പറയേണ്ടാ. വലിയ തോതിലുള്ള മാററങ്ങളെയാണു് ഞങ്ങൾ ആവശ്യപ്പെടുന്നതു്.

കമ്മ്യൂണിസത്തിൽ ചേരുന്നതിനു ഞങ്ങൾ നിരോ

ധിക്കപ്പെടുകയാണെങ്കിൽ സാമുദായികമായ ഉദാസീനതയിലേക്ക് ഞങ്ങൾ തള്ളപ്പെട്ടു പോകുമെന്നും മർദ്ദിക്കപ്പെടുന്ന ജനങ്ങളുടെ സമുദ്ധാരണത്തിനായി ഫലവത്തായ എന്തെങ്കിലും ചെയ്യുന്നതിൽനിന്ന് ഒഴിച്ചു നിർത്തപ്പെടുമെന്നും നിങ്ങൾക്കു തോന്നുന്നില്ലയോ? അതു കഠിനമാണ്. നമ്മുടെ മതത്തിനുവേണ്ടി അത്ര ഭയാനകമായ ഒരു വില കൊടുക്കുന്നതിനു ആവശ്യപ്പെടുന്നതു് ന്യായയുക്തമാണോ? ഈ വില കൊടുക്കണമെന്നുതന്നെ അത്യാവശ്യമുണ്ടോ?

കത്തോലിക്കാസഭ, അതീത കാലങ്ങളിലെപ്പോലെ, ഇപ്പോഴും ധനവാന്മാരോടുള്ള പരോക്ഷമായ സഖ്യത്തിലാണ് കഴിഞ്ഞുകൂടുന്നതെന്നു നിങ്ങൾ വിചാരിക്കുന്നില്ലേ?

“നിങ്ങളുടെ സാമുദായിക ഗോപുരം തകർന്നു വീഴാറായിരിക്കുന്നെന്നും അതിന്റെ അവശിഷ്ടങ്ങളുടെ കീഴിൽ നിങ്ങളും സംസ്കരിക്കപ്പെടുമെന്നും ഞങ്ങൾക്കു നിശ്ചയമുണ്ട്. നീതിയുടെ ദിവസം നിങ്ങളെ സമീപിച്ചിരിക്കുന്നു. ഭാവി നിശ്ചയമായും അന്ധകാരമയമാണ്. എത്ര ഭയങ്കരമായ ഒരു വിധിയാണ് നിങ്ങളുടെമേൽ പതിക്കാൻ പോകുന്നതെന്ന് നിങ്ങൾക്കു പക്ഷെ അജ്ഞാതമായിരിക്കാം . . .”

ഒരു കത്തോലിക്കാ കോളജിൽ വൈദികാധികാരികളുടെ കീഴിൽ ഉന്നത വിദ്യാഭ്യാസം കഴിച്ചു പുറത്തു വന്ന ഒരു യുവാവിന്റെ തൂലികാഗ്രത്തിൽ നിന്നാണ് മേലുദ്ധരിക്കപ്പെട്ട ലേഖനം നിർമ്മിച്ചതെന്നു ഓർക്കുമ്പോൾ ആർക്കാണു രോമാഞ്ചമുണ്ടാകാത്തതു്? കത്തോലിക്കാ സഭയുടെ മൗലിക തത്വങ്ങളേയും രണ്ടായിരം കൊല്ലങ്ങളോളം നിലനില്ക്കുന്ന അതിന്റെ ലോകസേവനങ്ങളേയും കുറിച്ച് എത്രയോ അക്ഷന്തവ്യമായ അജ്ഞത! ഭയാനകമായ തെററിദ്ധാരണ! എന്നാൽ ഒരു സംഗതി നിശ്ചയമാണ്. ലക്ഷോപലക്ഷം യുവജനങ്ങളുടെ മനോഭാവത്തെ പ്രതിബിംബിപ്പിക്കുന്ന ഈ കത്തും ആ യുവജനങ്ങളും കത്തോലിക്കാസഭയുടെ തത്വങ്ങളേയോ, അതീതമായ അതിന്റെ ചരിത്രത്തേയോ അല്ല പാസ്സുവത്തിരു കുററാരോപണം ചെയ്യുന്നതു്. ഇന്നത്തെ കത്തോലിക്കരെ

S. H. SCHOLAS

യാണ് അവർ പഴിക്കുന്നതു. കത്തോലിക്കാ സഭയും അതിന്റെ അതീത ചരിത്രവും എത്രതന്നെ സ്തുത്യർഹമായിരുന്നാലും, ഇന്നത്തെക്കാലത്തും മിശിഹായുടെ തത്വോപദേശങ്ങളാൽ പ്രേരിതരായി പ്രവൎത്തിക്കുന്ന എത്രയും വ്യക്തികളും സ്ഥാപനങ്ങളും ഉണ്ടെന്നിരുന്നാലും, സമുദായത്തിൽ അനീതി വളൎത്തുന്നതിനും സാമ്പത്തികമായി ഇന്നു കാണപ്പെടുന്ന ദുരവസ്ഥ നിലനിൎത്തുന്നതിനും ഉൽസുകരായ അനേകം നാമമാത്ര കത്തോലിക്കർ ഇന്നുണ്ടെന്നുള്ളതു് തുറന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

അവരുടെ നേരെയാണ് ഈ യുവാക്കന്മാരുടെ രോഷാഗ്നി കത്തിക്കാളുന്നതു്. കത്തോലിക്കാ സഭയുടെ തായ്ത്തടി എത്രതന്നെ പരിപാവനമായിരുന്നാലും അതിന്റെ ശിഖരങ്ങളിൽ ചുററിപ്പിടിച്ചു, അതിന്റെ ജീവദായകമായ നീരിനെ ഊററിക്കുടിക്കുന്ന ഈ ഇത്തിക്കണ്ണി സമൂഹത്തെയാണ് അവർ വെറുക്കുന്നതു്.

എന്നാൽ അവരും ഒരു കാൎയ്യം മനസ്സിലാക്കണം. അവരുടെ കോപാഗ്നി എത്രതന്നെ നീതീകരിക്കത്തക്കതായിരുന്നാലും ഇത്തിക്കണ്ണിയെ ദഹിപ്പിക്കുന്നതോടുകൂടി മരത്തിനുതന്നെ ഹാനി വരുത്താതിരിപ്പാൻ അവർ സൂക്ഷിക്കണം. ഈ ഇത്തിക്കണ്ണിതന്നെയാണ് കമ്മ്യൂണിസത്തെക്കാളും കത്തോലിക്കാസഭയ്ക്കു് അപകടകാരിയായ ശത്രു. കോപാന്ധതയാൽ മതിമറന്നു, ഈ നാമമാത്രകത്തോലിക്കരേപ്രതി മ്ശിഹായാൽ സ്ഥാപിതമായ കത്തോലിക്കാ സഭയെ അവർ വെറുക്കരുതു്.

## 3) കുററാരോപണങ്ങളുടെ അടിസ്ഥാന കാരണങ്ങൾ.

“ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാട്ടുക” എന്നൊരു സമ്പ്രദായമുണ്ടു്. തങ്ങളുടെ അസാന്മാൎഗ്ഗിക നയങ്ങളെപ്പററി ചോദ്യം ചെയ്യുന്ന ആദൎശനിഷ്ഠരായ സമുദായോദ്ധാരകന്മാരുടെ നിശിതവിമൎശനങ്ങൾക്കു ന്യായയുക്തമായ പ്രത്യുത്തരം നൽകാൻ സാധിക്കാതെ വരു

മ്പോൾ ആ കർമ്മധീരന്മാരുടെ നേരേ പല്ലിളിച്ചു കാ
ണിക്കയും അവരെ കമ്മ്യൂണിസ്റ്റുകാരെന്നു് നാമകര
ണം ചെയ്കയും ചെയ്യുന്ന ചിലരുണ്ടു് നമ്മുടെയിടയിൽ.
എന്നാൽ അവരെ കമ്മ്യൂണിസ്റ്റുകാർ എന്നു വിളിച്ചതു
കൊണ്ടോ, "നാരകീയം" "പൈശാചികം" തുടങ്ങിയ
ചില കീർത്തിമുദ്രകൾ അവക്കു നൽകിയതുകൊണ്ടോ,
"അവർ നിർമ്മതപ്രസ്ഥാനക്കാരാണു്," "നാസ്തികന്മാരാ
ണു്" എന്നിതുപോലെയുള്ള സർട്ടിഫിക്കേറ്റുകൾ അവ
ക്കു പ്രദാനം ചെയ്തതുകൊണ്ടോ, പുരോഗമനോന്മുഖ
മായ യുവലോകത്തെ തടഞ്ഞുനിറുത്താമെന്നു് ആരെങ്കി
ലും വിചാരിക്കുന്നെങ്കിൽ അതു് അവക്കു് ലോകകാര്യ
ങ്ങളെക്കുറിച്ചുള്ള അജ്ഞതയെ മാത്രമാണു സൂചിപ്പിക്കു
ന്നതു്.

നിലവിലിരിക്കുന്ന സാമ്പത്തിക ദുഃസ്ഥിതികളെ നി
ർമ്മാർജ്ജനം ചെയ്വാൻ മുതിരുന്നതുകൊണ്ടു് ആ സമുദാ
യസ്നേഹികളുടെ സന്മാർഗ്ഗനിഷ്ഠയും മതഭക്തിയും എന്തു
തകരാറാണു വരാൻ പോകുന്നതു്? കമ്മ്യൂണിസത്തിലേ
ക്കുതന്നെ അവർ ആകർഷിക്കപ്പെട്ടു പോകുന്നെങ്കിൽ അതു്
അവരുടെ ദൈവദോഷം കൊണ്ടോ, അസാന്മാർഗ്ഗികത്വം
കൊണ്ടോ അല്ല; പ്രത്യുത, ഇന്നത്തെ അനീതികൾക്കുള്ള
പ്രതിവിധി ആ പ്രസ്ഥാനത്തിൽക്കാണുമെന്നു് അവർ
വ്യാമോഹിച്ചു പോകുന്നതുകൊണ്ടാണു്.

ഈ അവസരത്തിൽ ഒരു സംഗതി ഓർമ്മിക്കണം.
കമ്മ്യൂണിസത്തെയും സോഷ്യലിസത്തെയും നിർമ്മതമാക്കി
ത്തീർക്കുന്നതിനു് വേറെ ഏതെല്ലാം കാരണങ്ങൾ ഉണ്ടാ
യിരുന്നാലും, അതിനു് അത്യധികം സഹായകമായിരുന്ന
ഒരു സംഗതി ചില നാമമാത്ര കത്തോലിക്കർ തങ്ങളു
ടെ അനീതിപരമായ നയങ്ങളെ സംരക്ഷിക്കുന്നതിനു്,
പരിപാവനമായ ക്രിസ്തീയനാമം ദുരുപയോഗിച്ചുവെന്ന
താണു്. അലഞ്ഞു്, കഷ്ടപ്പെട്ടു്, അർദ്ധനഗ്നരായി, പട്ടി
ണി കിടന്നു് അഹോരാത്രം ജോലി ചെയ്വാൻ നിർബ്ബ
ന്ധിതരായിരുന്ന സാധുജനങ്ങളോടു്, അവരുടെ ജീവ
രക്തം ഊററിക്കുടിച്ചു് മദിച്ചുനടക്കുന്ന കുബേരന്മാർ, ക

ഷ്ടപ്പാടുകൾ ദൈവ നിശ്ചയമാണെന്നും, പരലോകത്തിൽ അവക്ക് പ്രതിഫലം കിട്ടുമെന്നും "പഠാൻ"പറയുവാൻ തുനിഞ്ഞുപോലും. "മതം മർദ്ദിതരായ സാധുജനങ്ങളെ മയക്കുന്നതിനുള്ള കറപ്പാണ്" എന്ന് ലെനിൻ പ്രഭൃതികളേക്കൊണ്ടു പറയിക്കുവാൻ ഇതിൽ കൂടുതൽ എന്താണു വേണ്ടിയിരുന്നതു്?

സോഷ്യലിസവും കമ്മ്യൂണിസവും നിമ്മതമാണ്; നാസ്തികവുമാണ്; വാസ്തവം തന്നെ. എന്നാൽ ഇന്നത്തെ സാമ്പത്തിക ദുരവസ്ഥകളെ നിവാരണം ചെയ്യണമെന്നുള്ള അവരുടെ ആദശം തികച്ചും സാന്മാർഗ്ഗികമാണ്. "വേലക്കാർക്കുള്ള കൂലി കൊടുക്കാതിരിക്കുന്നതു് സ്വർഗ്ഗത്തിലേക്ക് പ്രതികാരത്തിനായി നിലവിളിക്കുന്ന പാതകങ്ങളിൽ ഒന്നാണെ"ന്ന് നമ്മുടെ വേദതത്വങ്ങൾ പഠിപ്പിക്കുന്നെങ്കിൽ തൊഴിലാളികൾക്കു ശരിയായ കൂലി കൊടുപ്പിക്കുന്നതിനുള്ള അവരുടെ പരിശ്രമം തികച്ചും ധമപരവുമാണ്. മാർക്സിന്റെ ഗ്രന്ഥങ്ങളിൽപ്പോലും കാണാത്തവിധം അത്ര ഉഗ്രതരമായ വിധത്തിലാണ് മാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങൾ മുതലാളിത്തത്തെ വിമശിക്കുന്നതെന്ന് എഫ്. ജെ. ഷീഡ് എന്ന വന്ദ്യദേഹം പ്രസ്താവിക്കുന്ന സ്ഥിതിക്ക് പ്രസ്തുത ആദശങ്ങളും തദനുസരണമായ ന്യായയുക്തങ്ങളായ പ്രവത്തനങ്ങളും മുഴുവനായി കത്തോലിക്കവുമാണ്.

വാസ്തവത്തിൽ നമ്മെത്തന്നെയാണ് നാം കുറ്റപ്പെടുത്തേണ്ടതു്. മാർപ്പാപ്പാമാരുടെ ലേഖനങ്ങളും, നമ്മുടെ ദിവ്യരക്ഷകന്റെ ജ്ഞാനോപദേശങ്ങളും അനുസരിച്ചു നാം പ്രവത്തിക്കുന്നുണ്ടോ എന്ന് കൂലങ്കഷമായി പരിശോധിക്കണം. "കത്തോലിക്കാസഭയും, ആ സഭയുടെ അനുയായികളെന്ന് സ്വയം സംബോധന ചെയ്യുന്നവരും ധനവാന്മാരെ പ്രസാദിപ്പിക്കുവാൻ ഉത്സുകരായി കാണപ്പെടുന്നെന്നും, തൊഴിലാളികളുടെ കാര്യത്തിൽ തീരെ ഉദാസീനരായി വത്തിക്കുന്നെന്നുമുള്ള ധാരണയാൽ അനേകം കത്തോലിക്കർ സോഷ്യലിസ്റ്റത്തിൽ ചേരുക

പോലും ഉണ്ടായിട്ടുണ്ടെന്ന് ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിക്കുന്നു.

അദ്ദേഹം തന്നെ തുടർന്നു പറയുന്നതുപോലെ ഈ കുറ്റാരോപണങ്ങൾ തീരെ നിരർത്ഥകങ്ങളല്ല. "ഓരോരുത്തരും ന്യായമായിച്ചെല്ലേണ്ടത് കൊടുക്കണമെന്നു മാത്രമല്ല, ദരിദ്രരായ നമ്മുടെ സഹോദരങ്ങളെ നമ്മുടെ ദിവ്യനാഥനെപ്പോലെ കരുതണമെന്നും പഠിപ്പിക്കുന്ന നീതിയുടെയും സഹോദരസ്നേഹത്തിന്റെയും മഹത്തായ നിയമങ്ങളെ അവഗണിച്ചു ജീവിച്ചവരും ഇപ്പോഴും അങ്ങനെ ജീവിക്കുന്നവരുമായ അനേകം കത്തോലിക്കരുണ്ട്. എന്നാൽ ലാഭത്തിനുള്ള അമിതമായ ദുരമുഖാന്തിരമായി വേലക്കാരെ ഞെരുക്കുന്നതിനുപോലും ഭയപ്പെടാത്തവരായി ചിലരെക്കാണാൻ സാധിക്കുമെന്നുള്ളത് കൂടുതൽ പരിതാപകരമാണ്. മാത്രമല്ല, തൊഴിലാളികളുടെ ന്യായയുക്തമായ പ്രതിഷേധങ്ങളിൽ നിന്ന് തങ്ങളുടെ അസാന്മാർഗ്ഗിക നയങ്ങളെ സംരക്ഷിക്കുന്നതിനു മതത്തിന്റെ പരിശുദ്ധ നാമധേയത്തിൻ കീഴിൽ അനീതിപരമായ തങ്ങളുടെ വ്യവസ്ഥകളെ ആവരണം ചെയ്യുന്നവരും ചുരുക്കമല്ല."

മഹാനായ പ്രസ്തുത മാർപ്പാപ്പാ തന്നെ തുടർന്നു പറയുന്നു: "പുറമെ മതകൃത്യങ്ങളിൽ ഉത്സുകരായി കാണപ്പെടുന്ന ചില കത്തോലിക്കർ വേല, വ്യവസായം, കച്ചവടം, ഉദ്യോഗനിർവ്വഹണം മുതലായ കാര്യങ്ങളിൽ തങ്ങളുടെ മനസ്സാക്ഷിക്കു പരിതാപകരമായ ചില വിടവുകൾ അനുവദിക്കുകയും, നീതിബോധത്തിനും ക്രിസ്തീയ ഉപവിക്കും അനുയോജ്യമല്ലാത്ത ജീവിതം നയിക്കുകയും ചെയ്യുന്നു. താദൃശമായ ജീവിതരീതികൾ ബലഹീനർക്ക് ഇടർച്ചയും, ദോഷബുദ്ധികൾക്കു തിരുസ്സഭയെ അപകീർത്തിപ്പെടുത്തുന്നതിന് അവസരവും ഉണ്ടാക്കിക്കൊടുക്കുന്നു."

സമുദായോദ്ധാരണത്തിനായി മുന്നിട്ടു പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങളെ അസാന്മാർഗ്ഗികളെന്നും അകത്തോലിക്കരെന്നും സംബോധന ചെയ്യുന്നതി

ഉപകരം, നമ്മൾതന്നെ, നാം ധരിക്കുന്ന കത്തോലിക്കാ നാമധേയത്തിനു അർഹരാണോ എന്നും, മാർപ്പാപ്പാമാരുടെയും, നമ്മുടെ ദിവ്യനാഥനായ മിശിഹായുടേയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചു ജീവിക്കുന്നുണ്ടോ എന്നും പരിചിന്തനം ചെയ്തു നോക്കാം.

ചിലർ ഇങ്ങനെ അഭിപ്രായപ്പെടുന്നതായി കേട്ടിട്ടുണ്ടു്. കത്തോലിക്കാ സഭ ലോകാവസാനം വരെ നിലനില്ക്കുമെന്നു തൽസ്ഥാപകനായ ദൈവസുതൻ തന്നെ വാഗ്ദാനം ചെയ്തിട്ടുണ്ടു്. പിന്നെ ഈ കമ്മ്യൂണിസ്റ്റുകക്ഷികളെ നാം എന്തിനു ഭയപ്പെടുന്നു? കത്തോലിക്കാ സഭയെ ലോകാവസാനം വരെ നമ്മുടെ ദിവ്യരക്ഷകൻ സംരക്ഷിക്കുമെന്നുള്ളതു നിസ്സംശയമാണു്. സ്റ്റാലിനേയോ ലെനിനേയോ പോലെ ആയിരംപേർ വന്നാലും പത്രോസാകുന്ന പാറയെ ഒന്നു പിടിച്ചു കുലുക്കാൻ പോലും സാദ്ധ്യമാവുകയില്ല. എങ്കിലും ഒന്നുണ്ടു്, മിശിഹായുടെ തത്വോപദേശങ്ങൾക്കു് അനുയുക്തമായ വിധം ജീവിക്കാത്തിടത്തോളംകാലം നാം വാസ്തവത്തിൽ കത്തോലിക്കാ സഭാംഗങ്ങൾ അല്ല; പ്രത്യുത, ലെനിൻ മുതലായ, സഭയുടെ പ്രത്യക്ഷ ശത്രുക്കളേക്കാൾ അപകടകാരികളായ അഞ്ചാംപടയാണു്. കത്തോലിക്കാസഭയെ സംരക്ഷിക്കാമെന്നു് വാഗ്ദാനം ചെയ്തിരിക്കുന്ന മിശിഹാ, ആ സഭയുടെ പരിപാവനനാമം ദുരുപയോഗിച്ചു വളർന്നുവരുന്ന ദുർമ്മാർഗ്ഗങ്ങളെ പരിരക്ഷിക്കുന്നതിനു ബാദ്ധ്യസ്ഥനല്ല.

ചിലപ്പോൾ നാം സാധുക്കൾക്കു ചെല്ലേണ്ട മുതലിൽനിന്നു് അപഹരിച്ചുണ്ടാക്കിയ പണത്തിന്റെ ഒരു ചെറിയ അംശം പള്ളികൾക്കോ, മററു സ്ഥാപനങ്ങൾക്കോ സംഭാവന ചെയ്യുന്നതുകൊണ്ടു നമ്മുടെ മനസ്സാക്ഷി സംശുദ്ധമായി എന്നു വിചാരിക്കുന്നെങ്കിൽ അതു കേവലം ഭോഷത്വമാണു്. ഈ മുതലാളികൾ വാസ്തവത്തിൽ മിശിഹായുടെ അനുയായികളായിത്തീരുന്നതിനു് അഭിലഷിക്കുന്നെങ്കിൽ സുവിശേഷത്തിലെ സഖേവൂസിനെ കണ്ടുപഠിക്കട്ടെ. തന്റെ അതീത ജീവിതകാലത്തെ അനീതികളെക്കുറിച്ചു് തന്നെ കുററപ്പെടുത്തി

യ പ്രീശന്മാരുടെ മുമ്പിൽ നിന്നുകൊണ്ടു് അയാൾ പറഞ്ഞതു് ഇപ്രകാരമാണു്. "എൻെറ വസ്തുക്കളിൽ പകുതി ഞാൻ സാധുക്കൾക്കു കൊടുക്കുന്നു; ഞാൻ ആരുടെയെങ്കിലും വസ്തുക്കളെ അപഹരിച്ചിട്ടുണ്ടെങ്കിൽ അവക്കു നാലിരട്ടി നൽകാൻ തയ്യാറാണു്." "ബലഹീനക്കു ഇടർച്ചക്കും ദ്രോഹബുദ്ധികൾക്കു് സഭയെ കുററപ്പെടുത്തുന്നതിന്നും" കാരണംകൊടുക്കുന്ന നമ്മുടെ മുതലാളികളും ചെയ്യേണ്ടതു് ഇപ്രകാരമാണു്.

അല്ലാത്തപക്ഷം, തൻെറ പ്രത്യക്ഷശത്രുവായ കമ്യൂണിസത്തെത്തന്നെ ഉപയോഗിച്ചു ക്രൂരതത് അപകടകാരികളായ ഈ പരോക്ഷശത്രുക്കളിൽനിന്നു് നമ്മുടെ ദിവ്യനാഥനായ മിശിഹാ തൻെറ തിരുസഭയെ രക്ഷിക്കുകയില്ലെന്നു് ആരുകണ്ടു?

## 4) മിശിഹാ വിപ്ലവകാരിയോ?

സന്മാർഗ്ഗനിഷ്ഠയുടെ മൂർത്തീകരണമായ മിശിഹായുടേയും, സകലവിധ ദുർമ്മാർഗ്ഗപ്രസ്ഥാനങ്ങളുടേയും പശ്ചാത്തലമായ വിപ്ലവത്തിൻെറയും നാമങ്ങളെ ഒരേ വാക്യത്തിൽ കൂട്ടിയോജിപ്പിക്കുകയെന്നതു് അക്ഷന്തവ്യമായ ദൈവദൂഷണമായിത്തോന്നുവാൻ പാടുണ്ടു്. എന്നാൽ വിപ്ലവം എന്ന വാക്കിനു്, നിലവിലിരിക്കുന്ന ദുർമ്മാർഗ്ഗങ്ങളെ തകർത്തു്, തൽസ്ഥാനത്തു മനുഷ്യകുലോദ്ധാരകങ്ങളായ സൽപ്രസ്ഥാനങ്ങളെ സ്ഥാപിക്കുകയെന്ന അർത്ഥം കൊടുക്കുന്നപക്ഷം, മിശിഹാ, ലോകത്തിൽ ഇതുവരെ ജീവിച്ചിട്ടുള്ള സകല വിപ്ലവകാരികളിലുംവെച്ചു് പ്രഥമസ്ഥാനം അർഹിക്കുന്നുവെന്നു് നിസ്സംശയം പറയാം.

എന്നാൽ തെററിദ്ധരിക്കരുതു്. സായുധപ്രക്ഷോഭണങ്ങൾ നടത്തി നിസ്സഹായരായ ജനങ്ങളെ കൊന്നൊടുക്കി, കവർച്ചകൾ നടത്തി ലോകത്തെ മുഴുവൻ ഇളക്കിമറിച്ചിട്ടല്ല മിശിഹാ തൻെറ ലോകോദ്ധാരണകൃത്യം നിർവ്വഹിച്ചതു്. സ്വാർത്ഥതാല്പര്യങ്ങളുടെ പരമത്യാഗത്താലും സ്വജീവാർപ്പണത്താലുമാണു് അവിടുന്നു് അതു സാധിച്ചതു്.

അന്യനാട്ടുകളിൽനിന്നു ലക്ഷോപലക്ഷം അടിമക ളേക്കൊണ്ടുവന്നു് തങ്ങളുടെ സുഖലോലുപജീവിതചര്യ ക്കുവേണ്ടി അവരേക്കൊണ്ടു വേലയെടുപ്പിക്കുക മാത്രമല്ല, വെറും കാഴ്ച രസത്തിനായി മാത്രം നാടകശാലകളിൽ വച്ചു് തങ്ങളിൽതങ്ങളിൽ യുദ്ധം ചെയ്യിച്ചും ക്രൂരമൃഗ ങ്ങൾക്കു് ഇരയായി ഇട്ടുകൊടുത്തും ആയിരക്കണക്കിനു് അവരെ കൊന്നൊടുക്കുകയും ക്രൂരത ചെയ്തിരുന്ന ധനവാ ന്മാരാണു് അന്നത്തെ ഏക പരിഷ്കൃതവിഭാഗമായ റോ മ്മാസാമ്രാജ്യത്തിൽ അന്നു ജീവിച്ചിരുന്നതു്. സമുദായ ത്തിന്റെ അഴുക്കായി കരുതപ്പെട്ടിരുന്ന ആ അടിമവർഗ്ഗ ത്തെ, അവരിൽനിന്നു മാർപ്പാപ്പാമാരുടെ സ്ഥാനം പോലും കൈയേൽക്കാൻ പ്രാപ്തരായവർ ഉണ്ടാകത്തക്കവണ്ണം അത്ര ഉയർത്തുകയും, അന്നത്തെ സാമുദായിക സ്ഥിതിയെ പാടെ തകർക്കുകയും ചെയ്യുന്നതിനുള്ള ശക്തി കത്തോ ലിക്കാ തിരുസ്സഭയ്ക്കു ലഭിച്ചതു് ആ ജീവാർപ്പണം ഒന്നു കൊണ്ടു മാത്രമാണു്— തിരുസ്സഭയുടെ ആദിമയുഗത്തിൽ തന്നെ അടിമവർഗ്ഗത്തിൽനിന്നു സ്വതന്ത്രനാക്കപ്പെട്ട ഒരാൾ, ഒന്നാം ക്ലെമന്റു് എന്നപേരിൽ അന്നത്തെ റോമ്മാസാമ്രാജ്യം മുഴുവൻ വ്യാപിച്ചുകിടന്ന കത്തോ ലിക്കാ തിരുസ്സഭയെ ഭരിച്ചിരുന്നതായി ചരിത്രം സാക്ഷി ക്കുന്നു— മാത്രമല്ല, ഈ ഇരുപതാം നൂറ്റാണ്ടിൽ പോലും നമ്മുടെ ഇൻഡ്യയിലെ അധഃകൃതരുടെ— അടുക്കാനും തൊടാനും പാടില്ലാത്ത, അറയ്ക്കപ്പെട്ട അവർണ്ണരെന്നു തള്ളപ്പെട്ട ആ മനുഷ്യജീവികളുടെ— ഉദ്ധാരണത്തിനു ഗാം ന്ധിപ്രഭൃതികൾക്കു മാർഗ്ഗനിർദ്ദേശം ചെയ്തതും ആ പാവ നരൂപിയായ മിശിഹായല്ലാതെ മറ്റാരാണ്? മിശിഹാ യെപ്പോലെ, ഇത്ര അഗാധവും ശാശ്വതവുമായ പരി വർത്തനങ്ങൾ ലോകത്തിൽ വരുത്തിയിട്ടുള്ള വേറൊരു വ്യക്തി എവിടെയാണു് ഉണ്ടായിട്ടുള്ളതു്?

എന്നാൽ നമ്മുടെ ദിവ്യരക്ഷകൻ സമുദായോദ്ധാര ണാർത്ഥം പ്രഥമമായി പ്രവർത്തിച്ചതു് സ്വദേശമായ പ ലസ്തീനായിലും, സ്വവർഗ്ഗമായ യഹൂദരുടെ ഇടയിലുമാ ണു്. അന്നത്തെ യഹൂദജനങ്ങൾ വൈദികത്താൽ ദുശ്ശ

കൊടുക്കപ്പെട്ട നിയമത്തെ പാടെ വ്യഭിചരിപ്പിച്ച്, അപ്രധാനങ്ങളും അൎത്ഥശൂന്യങ്ങളുമായ അനേകം ആചാരകൎമ്മങ്ങളിൽ അവരെ അടക്കിവെച്ചിരുന്നു. "നീ, നിന്നെത്തന്നെ സ്നേഹിക്കുന്നതുപോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക"യെന്ന പ്രമാണം പ്രത്യേകിച്ച് അവരുടെ അക്രമണത്തിനു വിധേയമായി. മതതീക്ഷ്ണത എന്ന വ്യാജേന, സ്വവൎഗ്ഗക്കാരല്ലാത്തവരെയെല്ലാം പുറജാതിക്കാരാക്കിത്തള്ളി, സമറിയാക്കാരെ, സങ്കരവൎഗ്ഗമായി അവഗണിച്ച്, തനി യഹൂദരായ ഏതാനുംപേർ മാത്രമായി ആ കല്പനയുടെ പരിധിയെ അവർ പരിമിതപ്പെടുത്തി.

അവരുടെ കള്ളഭക്തിയും അഹംകാരവും നമ്മുടെ ദിവ്യരക്ഷകൻെറ ഉഗ്രമായ വിമൎശനത്തിനു വിഷയീഭവിച്ചു. നിയമത്തിലെ ഏററവും വലിയ പ്രമാണം ഏതെന്നു പ്രീശന്മാർ ചോദിച്ചപ്പോൾ മിശിഹാ ഇപ്രകാരമാണു പ്രതിവചിച്ചത്: "നിയമത്തിലെ ഏററവും വലിയ പ്രമാണം നിൻെറ ദൈവത്തെ നിൻെറ പൂൎണ്ണമനസ്സോടും പൂൎണ്ണഹൃദയത്തോടും ശക്തികളെല്ലാംകൊണ്ടും കൂടി സ്നേഹിക്കുക. എന്നാൽ രണ്ടാമത്തെ പ്രമാണം ഇതിനോടു തുല്യപ്രാധാന്യമുള്ളതാണ്. അതായത്, നീ നിന്നെത്തന്നെ സ്നേഹിക്കുന്നതുപോലെ നിൻെറ അയല്ക്കാരനേയും സ്നേഹിക്കുക." രണ്ടാമത്തെ പ്രമാണത്തിൻെറ പ്രാധാന്യത്തെ ഇപ്രകാരം എടുത്തു കാണിച്ചതു തങ്ങളുടെ മേലുള്ള കുററാരോപണമെന്നു മനസ്സിലാക്കി, സ്വയം നീതീകരണത്തിനു വേണ്ടി അവരിൽ ഒരാൾ വീണ്ടും ഇപ്രകാരം ചോദിച്ചു. "എന്നാൽ എൻെറ അയൽക്കാരൻ ആരാണ്?"

അപ്പോഴാണ് അവരുടെ വൎഗ്ഗവിദ്വേഷത്തേയും അഹംഭാവത്തേയും പാടെ തകൎക്കുന്നതിനു പൎയ്യാപ്തമായ "നല്ല സമറിയാക്കാര"ൻെറ ഉപമ അവിടുന്ന് അരുളിച്ചെയ്യുന്നത്. അവിടുന്നു പറയുന്നു:

"ഒരു മനുഷ്യൻ ഓറശ്ലേമിൽനിന്ന് ഈറിഹോയിലേക്ക് പോകുകയായിരുന്നു. കള്ളന്മാർ അവൻെറമേൽ

പറഞ്ഞു വീണു. അവർ അവനെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത് അടിച്ച് അർദ്ധപ്രാണനാക്കി വിട്ടുപോയി

"ഒരു പുരോഹിതൻ ആ വഴിയെ പോകുവാൻ ഇടയായി. അവൻ അവനെ കണ്ടുവെങ്കിലും കടന്നുപൊയ്ക്കളഞ്ഞു. അങ്ങനെതന്നെ ഒരു ലേവായനും വന്ന് ആ സ്ഥലത്തിനടുത്ത് അവനെ കണ്ടു. അവനും കടന്നുപോയി. എന്നാൽ ഒരു സമറിയാക്കാരൻ യാത്രചെയ്യുമ്പോൾ അവൻ കിടന്നിരുന്ന സ്ഥലത്തു വന്ന് അവനെ കണ്ട് മനസ്സലിഞ്ഞു. അവൻ അടുത്തുചെന്നു മുറിവുകൾ വെച്ചുകെട്ടി, അവയിൽ വീഞ്ഞും എണ്ണയും പകർന്നു. അവനെ തന്റെ കഴുതപ്പുറത്തു കയററി സത്രത്തിലേക്ക് കൊണ്ടുവന്നു അവന്റെകാര്യം അന്വേഷിച്ചു."

ഗർവ്വിഷ്ഠരായ ആ ദുഷ്ടയഹൂദരുടെ വ്യർത്ഥാഭിമാനത്തെയും കപടഭക്തിയെയും ഇതിൽ കൂടുതൽ ശക്തിമത്തായി അപലപിക്കുക സാദ്ധ്യമല്ല. എന്നാൽ നമ്മുടെ ദിവ്യനാഥൻ ഇതുകൊണ്ടും തൃപ്തനായില്ല. സമരിയാക്കാരിസ്ത്രീയിൽ നിന്ന് യഹൂദപാരമ്പര്യത്തിന് വിരോധമായി വെള്ളം ചോദിക്കുകയും അവരുടെയിടയിൽ താമസിച്ച് പ്രസംഗിക്കുകയും ചെയ്യുന്നു. "നീയൊരു സമറിയാക്കാരനാണ്, നിനക്കു പിശാചുബാധയുണ്ട്" എന്ന് യഹൂദർ അട്ടഹസിച്ചപ്പോൾ തനിക്കു പിശാചുബാധയില്ലെന്ന് അവിടുന്ന് സമർത്ഥിച്ചെങ്കിലും സമറിയാക്കാരനല്ലെന്നു പറഞ്ഞില്ല.

സഹോദരസ്നേഹത്തെയെന്ന പോലെ വേറെയൊരു തത്വത്തെയും അത്രമാത്രം ആവർത്തിച്ചും ഉത്തേജകമായും അവിടുന്നു പ്രസംഗിച്ചിട്ടില്ല. അതു് അവിടുത്തെ പുതിയ പ്രമാണമാണ്. സ്വശിഷ്യന്മാർ അറിയപ്പെടേണ്ട വിശേഷചിഹ്നമാണ്. സ്നേഹിതന്മാരേയും നമുക്കു നന്മ ചെയ്യുന്നവരേയും സ്നേഹിച്ചാൽപോരാ, വിരോധികളേയും സ്നേഹിക്കണം. ലോകാവസാനത്തിൽ സകലരേയും താൻ വിധിപ്പാൻ പോകുന്നതു് ഈ സഹോദരസ്നേഹം ഒന്നിനെക്കുറിച്ചു മാത്രമാണ്.

പ്രാമാണ്യമേറിയ ഈ പ്രമാണത്തിന്റെ കാര്യത്തിൽ

മാത്രമല്ല, മിശിഹാ യഹൂദ പാരമ്പൎയ്യത്തെ എതിൎത്തു്. സാബത്തുദിവസം ഏററവും ന്യായയുക്തമായ ജോലികൾ പോലും നിരൎത്ഥകമായവിധം അവർ നിരോധിച്ചിരുന്നു. എന്നാൽ മിശിഹാ പ്രവൎത്തിച്ച പ്രാധാന്യമേറിയ കാൎയ്യങ്ങളെല്ലാം സാബത്തു ദിവസമാണോ എന്നു് സംശയിക്കത്തക്കവിധം അത്രവലിയ പ്രതിഷേധമാണു് അക്കാൎയ്യത്തിൽ യഹൂദപ്രമാണികളിൽ നിന്നു് ഉണ്ടായിക്കൊണ്ടിരുന്നതു്. ഇതുപോലെ അവരുടെ മററു സകല വ്യൎത്ഥാചാരങ്ങളെയും പാരമ്പൎയ്യങ്ങളെയും അവിടുന്നു് തകൎത്തു. മാത്രമല്ല, പല പ്രാവശ്യവും ഇക്കാരണത്താൽ അവിടുന്നു് അവരെ ശക്തിമത്തായി അധിക്ഷേപിക്കുകകൂടെ ചെയ്തിട്ടുണ്ടു്. ആ വ്യൎത്ഥാചാരങ്ങളുടെയെല്ലാം ഉന്മൂലനാശംപോലും അവിടുന്നു പ്രവചിച്ചു. അവിടുന്നു പറയുന്നു. "എൻെറ പിതാവു നട്ടിട്ടുള്ളതല്ലാത്ത സകലതും പറിച്ചു നശിപ്പിക്കപ്പെടും."

എന്നാൽ ഫലം അവിടുന്നു് അനുഭവിച്ചു യഹൂദപ്രമാണികൾക്കു് മിശിഹായിൽ നിന്നുണ്ടായ ഉഗ്രകോപം അവിടുത്തെ കുരിശിൽ തറച്ചിട്ടുപോലും ശമിച്ചില്ലെന്നു വേണം പറയുവാൻ.

ഇന്നത്തെ ലോകത്തിലെ ദുരവസ്ഥകളും മാറിക്കിട്ടണമെങ്കിൽ അതിനുവേണ്ടി ശക്തിയായി സമരം ചെയ്യണം. പക്ഷെ, ആ സമരത്തിൻെറ കാതലായ ശക്തി അന്യരോടുള്ള ശത്രുതയിൽ നിന്നല്ല, സ്വജീവിതാൎപ്പണത്തിൽനിന്നാണു് ഉൽഭൂതമാകേണ്ടതു്. ഇന്നത്തെ പല കത്തോലിക്കരും അങ്ങേ അററത്തെ യാഥാസ്ഥിതികന്മാരാണു്. ലോകത്തിൽ കാണപ്പെടുന്ന സകല അനീതികളും ദൈവനിശ്ചയമാണെന്നാണു് അവരുടെ വിചാരം എന്നു തോന്നും. എന്നാൽ നമ്മുടെ ദിവ്യനാഥൻ അരുളിച്ചെയ്തതുപോലെ, തൻെറ പിതാവു നട്ടിട്ടില്ലാത്ത പല ദോഷകര വൃക്ഷങ്ങളും ഈ ലോകത്തിൽ ഉണ്ടു്. അവയെ വെട്ടിപ്പറിച്ചു നശിപ്പിക്കുകയെന്നതു നമ്മുടെ കടമയാണു്. അതിനായി നമ്മുടെ യുവാക്കന്മാർ സന്നദ്ധരാകട്ടെ.

എന്നാൽ നിസ്സഹായരായ ജനങ്ങളെ കൊന്നൊടുക്കുക, പരസ്യസ്ഥാപനങ്ങൾ നശിപ്പിക്കുക മുതലായ അ

ക്രൂരകൃത്യങ്ങൾ വഴിയായിട്ടല്ല ശാശ്വതമായ പരിവർത്ത
നങ്ങൾ സാധിക്കുന്നതെന്നും നമ്മുടെ ദിവ്യനാഥനെ അ
നുകരിച്ചു സാധുജനസാധാരണത്തിനും സമുദായോൽക്ക
ർഷത്തിനുംവേണ്ടി സ്വന്തജീവനെ അർപ്പിക്കുകയെന്നതാണ്
അതിനുള്ള സുനിശ്ചിത മാർഗ്ഗമെന്നും അവർ അനുസ്മരി
ക്കട്ടെ.

## 5) ധനികരുടെ പാർശ്വവർത്തിയോ?

ബെത്‌ലഹേമിലെ തൊഴുക്കൂട്ടിൽ ജനിച്ച് നസ്ര
സ്സിലെ പണിപ്പുരയിൽ വളർന്ന് ജീവിതകാലം മുഴുവൻ
തലചായിക്കുന്നതിനുപോലും സ്ഥലമില്ലാതെ, കഴിച്ചുകൂട്ടി
യ മിശിഹായാൽ സ്ഥാപിതമായ കത്തോലിക്കാസഭ ധന
വാന്മാരുടെ പാർശ്വവർത്തിയോ? അതെ അങ്ങനെ പറയു
ന്നവർ ഉണ്ട്. എന്നാൽ അതിന് ആരെയാണ് പഴിക്കേ
ണ്ടത്? നമ്മളെത്തന്നെ. നമ്മുടെ തിരുസ്സഭയുടെ തനിനി
റം എന്താണെന്ന് ലോകം മനസ്സിലാക്കുന്നത് കത്തോലി
ക്കരായ നമ്മളുടെ ജീവിതത്തിൽ നിന്നാണ്. ലോകം തി
രുസ്സഭയെ തെറ്റിദ്ധരിക്കുന്നെങ്കിൽ നമ്മളാണ് അതിന്
ഉത്തരവാദികൾ.

എന്നാൽ വാസ്തവത്തിൽ മിശിഹായുടെ സഭയ്ക്കു ആ
രോടെങ്കിലും പക്ഷപാതമുണ്ടെങ്കിൽ അതു ധനികരോട
ല്ല; സാധുക്കളുടെ നേരെയാണ്. സമ്പൽസമൃദ്ധമായ രാ
ജകൊട്ടാരത്തിൽ ജനിക്കാമായിരുന്നിട്ടും മിശിഹാ തെര
ഞ്ഞെടുത്തത് ഒരു കാലിത്തൊഴുത്താണ്. ഒരു ദരിദ്രനാ
യ കൂലിവേലക്കാരനായിട്ടാണ് അവിടുന്ന് വളർന്നുവന്നത്.
തടിവെട്ടുക, അറക്കുക, മുറിക്കുക മുതലായ ജോലികളിൽ
യൗസേപ്പിനേയും, വെള്ളം കോരുക, മുറ്റം അടിക്കുക, ഭ
ക്ഷണം പാകംചെയ്ക മുതലായ കൃത്യങ്ങളിൽ കന്യക മ
റിയത്തിനേയും സഹായിച്ചുകൊണ്ടാണ് അവിടുന്ന് നസ്ര
സ്സിൽ ജീവിച്ചത്.

പരസ്യജീവിതകാലത്ത് മിശിഹാ മഹാ ദരിദ്രനാ
യിരുന്നു. "പക്ഷികൾക്കു കൂടുണ്ട്; നരികൾക്കു മാളങ്ങൾ
ഉണ്ട്; മനുഷ്യപുത്രനാകട്ടെ തലചായിക്കുന്നതിനു സ്ഥല
മില്ല!" അങ്ങനെയായിരുന്നു അവിടുത്തെ ജീവിതം.

തന്റെ ശിഷ്യന്മാരും, തിരുസ്സഭയുടെ അടിസ്ഥാനക്കല്ലുകളുമായി മ്ശിഹാ തെരഞ്ഞെടുത്തത് ധനവാന്മാരെയോ, സമുദായത്തിൽ "കൊള്ളാ"വുന്നവരെയോ അല്ല; പ്രത്യുത, മുക്കുവന്മാരേയും പരസ്യപാപികളായി സമുദായത്തിനു പുറത്തു തള്ളപ്പെട്ടവരേയുമാണ്. തിരുസ്സഭയുടെ പ്രഥമ തലവൻ ഒരു വെറും മീൻപിടുത്തക്കാരനായിരുന്നു!

തന്റെ അനുയായി ആയിട്ടു ജീവിച്ച്, പരിപൂർണ്ണത പ്രാപിക്കുന്നതിനു മിശിഹാ നിശ്ചയിച്ച വ്യവസ്ഥ, സകലതും വിററു ധർമ്മം കൊടുക്കുകയെന്നതാണ്. തന്റെ അടുക്കൽവന്ന യുവാവിനോട് അവിടുന്ന അരുളിച്ചെയ്തു. "നീ പരിപൂർണ്ണനാകുന്നതിന് അഭിലഷിക്കുന്നെങ്കിൽപോയി നിന്റെ സമ്പത്തു സമസ്തവും വിററു ധർമ്മം കൊടുത്തതിന്റെ ശേഷം വന്ന് എന്നെ അനുഗമിക്കുക." ധനികനായിരുന്ന ആ യുവാവ് നിരാശപ്പെട്ടു തിരിച്ചുപോയെങ്കിലും മിശിഹാ തന്റെ വ്യവസ്ഥക്ക് മാററം വരുത്തിയില്ല; അവനെ തിരിച്ചുവിളിച്ചുമില്ല; നേരെമറിച്ച്, സകല ധനികരെയും ഭയവിഹ്വലരാക്കിത്തീർക്കത്തക്ക ഒരു ഭയങ്കരവാക്കുകളെ ഉച്ചരിക്കുകയാണ് അവിടുന്ന ചെയ്തത്. "ധനികൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിൽക്കൂടെ കടക്കുന്നതാണ്."

ഒരിക്കൽ യോഹന്നാൻ, തന്റെ ശിഷ്യന്മാരെ മിശിഹായുടെ അടുക്കൽ അയച്ചുകൊണ്ടു ചോദിച്ചു. "നീയാരാണ്; വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ നീ തന്നെയോ?" എന്ന്. അതിന് ഉത്തരമായി താൻ വാസ്തവത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ തന്നെയാണ് എന്നു കാണിച്ചുകൊടുത്തത് സാധുക്കളോടുള്ള തന്റെ പ്രതിപത്തി വഴിയായിട്ടാണ്. അവിടുന്ന അരുളിച്ചെയ്തു. "പോയി നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുവയെ യോഹന്നാനെ അറിയിക്കുവിൻ. കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു; ദരിദ്രർക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു."

അടിമ ക്രിസ്ത്യാനികളുടെ ജീവിതരീതിയും മ്ശിഹാ

യുടെ ജീവിതത്തോടു പരിപൂർണ്ണമായി അനുരൂപപ്പെട്ടിരുന്നു. അവർ തങ്ങൾക്കുള്ളതു മുഴുവൻ വിററു ശ്ലീഹന്മാരെ ഏല്പിച്ചശേഷം തങ്ങളുടെ ദൈനംദിനാവശ്യങ്ങൾക്കായിട്ടു നൽകപ്പെട്ടതുകൊണ്ടുമാത്രം ഉപജീവനം കഴിച്ചുപോന്നു. ശ്ലീഹന്മാരാകട്ടെ, സുവിശേഷ പ്രസംഗങ്ങളുടെ ഇടയിൽപോലും സ്വന്ത ഉപജീവനമാർഗ്ഗം വേലചെയ്തു സമ്പാദിച്ചിരുന്നു. "അൾത്താരയിൽ ശുശ്രൂഷ ചെയ്യുന്നവൻ അൾത്താരയിൽനിന്നു ഭക്ഷിക്കണ"മെന്നു സ്ഥാപിച്ച പൌലോസ്പോലും തൻെറ ആവശ്യങ്ങൾക്കു വേണ്ടതു സ്വന്ത കൈവേലകൊണ്ടു സമ്പാദിച്ചുവെന്നു ഉൽഘോഷിക്കുന്നു. അദ്ദേഹം ഒരു തോൽപ്പണിക്കാരനായിരുന്നു. യാത്രാമദ്ധ്യേപോലും ഈ ജോലിചെയ്താണു അദ്ദേഹം ഉപജീവനം കഴിച്ചിരുന്നതു.

വി. ബിഡിൻെറ വാക്കുകളിൽ പറഞ്ഞാൽ "സ്വന്തമായുള്ളതിനെ മുഴുവൻ വിററു ധർമ്മം കൊടുത്തശേഷം വീണ്ടും ധർമ്മം കൊടുക്കുന്നതിനും ഉപജീവനം കഴിക്കുന്നതിനും സ്വപ്രയത്നത്താൽ സമ്പാദിക്കുക." ഇതായിരുന്നു സുവിശേഷ പ്രേഷിതരുടെ ജീവിതപദ്ധതി.

സുഖസന്തോഷങ്ങളിൽ മുഴുകി ജീവിച്ചിരുന്ന റോമായിലെ ധനികന്മാർപോലും മാനസാന്തരത്തിനുശേഷം തീരെ സാധാരണമായ ഒരു ജീവിതരീതിയാണു സ്വീകരിച്ചിരുന്നതു. മാത്രമല്ല, തങ്ങളുടെ സമ്പത്തു സാധുജനസംരക്ഷണത്തിനായി നീക്കിവെക്കുകകൂടെ ചെയ്തിരുന്നു. പലരും അവരുടെ വാസസ്ഥലമായിരുന്ന മാളികകളെ ആതുരശാലകളായി രൂപാന്തരപ്പെടുത്തി. ദൈവാലയങ്ങളുടെ വസ്തുക്കൾ സാധുസംരക്ഷണത്തിനുള്ള മൂലധനമായിട്ടാണു കണക്കാക്കപ്പെട്ടിരുന്നതു.

കത്തോലിക്കാ സഭാ നേതാക്കന്മാർ സാധുസംരക്ഷണം സ്വകർത്തവ്യമായിക്കരുതിയിരുന്നുവെന്നു മാത്രമല്ല, മററുള്ളവരെയും ഈ കടമയുടെ നിർവ്വഹണത്തിനായി പ്രേരിപ്പിക്കുകകൂടെയും ചെയ്തിരുന്നു. യാക്കോബ്ശ്ലീഹായുടെ വചനങ്ങൾ ശ്രവിച്ചാലും. അദ്ദേഹം പറയുന്നു:

"എൻെറ സഹോദരരേ, നിങ്ങൾ നമ്മുടെ കർത്താ

വായ ഈശോമിശിഹായുടെ മഹത്വത്തിന്റെ വിശ്വാസം മുഖംനോക്കികൊണ്ടു് അനുസരിക്കുന്നവരായിരിക്കരുതു്. നിങ്ങളുടെ സംഘത്തിലേക്കു പൊൻമോതിരമോ, മോടിയുള്ള വസ്ത്രമോ, ഉള്ള ഒരുത്തൻ പ്രവേശിക്കുകയും മുഷിഞ്ഞ വസ്ത്രങ്ങളുള്ള ഒരു ദരിദ്രനും പ്രവേശിക്കുകയും, നിങ്ങൾ മോടിയുള്ള വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നവനെ നോക്കി, അവനോടു നീ അവിടെ സുഖമോടിരിക്കുക എന്നു പറയുകയും, ദരിദ്രനോടു നീ അവിടെ നിൽക്കുക എന്നോ, ഇവിടെ ഞങ്ങളുടെ പാദങ്ങളുടെ പീഠത്തിനുമുമ്പ് ഇരിക്കുക എന്നോ പറയുകയും ചെയ്താൽ, ഹാ, നിങ്ങൾ ഉള്ളുകൊണ്ടുതന്നെ നിങ്ങളെ വേർതിരിച്ചില്ലയോ? ദുർവ്വിചാരങ്ങളുടെ വേർതിരിവുകാരായിത്തീർന്നില്ലയോ? എന്റെ പ്രിയ സഹോദരന്മാരേ, കേൾക്കുവിൻ, ദൈവം തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദാനം ചെയ്തിരിക്കുന്ന രാജ്യത്തിൽ അവകാശികളാകുവാൻ വിശ്വാസത്തിൽ സമ്പന്നരായ ഈ ലോകത്തിലെ ദരിദ്രരെയല്ലയോ തെരഞ്ഞെടുത്തിരിക്കുന്നതു്.”

വീണ്ടും സഹോദര സ്നേഹത്തിന്റെ പ്രായോഗിക വശങ്ങളെ പരാമർശിച്ച് ആ വിശുദ്ധ ശ്ലീഹാതന്നെ പറയുന്നു:

“ഒരു സഹോദരനോ, സഹോദരിയോ, നഗ്നമായും അഹർവൃത്തിക്കു വകയില്ലാത്തവരായും ഇരിക്കുകയും നിങ്ങളിൽ ഒരാൾ അവരോടു്, നിങ്ങൾ സമാധാനത്തോടുകൂടിപ്പോയി തീകാഞ്ഞു തൃപ്തരാകുവിൻ, എന്നു പറയുകയും ശരീരത്തിനു് ആവശ്യത്തിനു വേണ്ടതു കൊടുക്കാതിരിക്കുകയും ചെയ്താൽ എന്തു പ്രയോജനം?”

തിരുസ്സഭയിലെ വിശുദ്ധന്മാരും ഇക്കാര്യത്തിൽ ഒട്ടും പിന്നോക്കമല്ല. വി. ബസിൽ ധനികരോടു പറയുന്നതു കേൾക്കുക.

“നീ പിടിച്ചുപറിക്കാരനാണോ? കൊടുക്കുവാൻ വാങ്ങിയതു സ്വന്തമായിക്കരുതുന്നുവോ? നീ സൂക്ഷിച്ചുവെക്കുന്ന ഭക്ഷണം ദരിദ്രന്റേതാകുന്നു. പെട്ടിയിൽ നീ പൂട്ടിവെച്ചിരിക്കുന്ന വസ്ത്രം നഗ്നന്റേതുതന്നെ. നിന്റെ പക്കൽ

ഇരുന്നു പഴകുന്ന പാദരക്ഷ നഗ്നപാദനുള്ളതാണ്. നീ കുഴിച്ചിട്ടിരിക്കുന്ന സ്വർണ്ണം ദരിദ്രന്റെ വക. അതിനാൽ എത്ര ദരിദ്രർക്ക് കൊടുക്കുവാൻ നിനക്കു സാധിക്കുമോ, അത്ര ദരിദ്രന്മാരോടും അന്യായം പ്രവർത്തിക്കുന്നു.

വി. അംബ്രോസിന്റെ വാക്കുകൾ കേട്ടാൽ അദ്ദേഹം ഒരു തനി സോഷ്യലിസ്റ്റാണെന്നു തോന്നിപ്പോകും. അദ്ദേഹം പറയുന്നു: "എന്നാൽ അന്യന്റേതു ഞാൻ എടുക്കാതെ, എന്റേതു ഭദ്രമായി സൂക്ഷിക്കുന്നുവെങ്കിൽ ഞാൻ എന്ത് അന്യായമാണു പ്രവർത്തിക്കുന്നതെന്നു് നീ ചോദിക്കുന്നുവോ? ഹാ മൗഢ്യം! സ്വന്തമെന്നു നീ പറയുന്നുവോ? ഏവ? നീ എവിടെനിന്നു അവയെ ലോകത്തിലേക്കു കൊണ്ടുവന്നു?"

അദ്ദേഹംതന്നെ വേറൊരു സ്ഥലത്തു് ഇപ്രകാരം പ്രസ്താവിക്കുന്നു: "നിന്റെ ചുവരുകളെ നീ സ്വർണ്ണംകൊണ്ടു പൊതിയുകയും, മനുഷ്യനെ നഗ്നനാക്കുകയും ചെയ്യുന്നു. നിന്റെ പടിവാതിൽക്കൽ നഗ്നർ നിലവിളിക്കുന്നു. അവനെ നീ തിരസ്കരിച്ചുകളയുന്നു. നിന്റെ വീട്ടിന്റെ തറയിൽ ഏതുതരം മാർബിൾ പതിക്കണമെന്നാണ് നീ ആലോചിക്കുന്നതു്? ദരിദ്രൻ പണം യാചിക്കുന്നു; അവനു് അതു് ഇല്ലാതെയുമിരിക്കുന്നു. മനുഷ്യൻ അപ്പം ഇരക്കുന്നു. എന്നാൽ നിന്റെ കുതിര സ്വർണ്ണക്കടിവാളങ്ങളെ കടിക്കുകയും ചെയ്യുന്നു."

വി. അഗുസ്തീനോസും അത്യന്തം ക്ഷോഭജനകങ്ങളായ വാക്കുകളാലാണു് ധനികരെ സംബോധന ചെയ്യുന്നതു്. അദ്ദേഹം പറയുന്നു. "ദരിദ്രന്റെ ആയുസ്സിനു വേണ്ടിയ സഹായങ്ങളെ ചെയ്യാതിരിക്കുന്നതു് ഒരുവനെ കൊല്ലുകതന്നെയാണു്. ദീനന്റെ രക്ഷയെ നീ വെട്ടിക്കുഴിച്ചു വെച്ചുപൂട്ടാതെയും അവന്റെ പ്രാണനെ ശവകുടീരത്തിൽ സംസ്കരിക്കാതെയും ഇരിക്കാൻ സൂക്ഷിച്ചുകൊൾക."

ഇതാണോ ധനികരുടെ പാർശ്വവർത്തിയായ കത്തോലിക്കാസഭ? ഇതാണോ മുതലാളിമാരെ താങ്ങുന്ന യാഥാസ്ഥിതികത്വം?

## 6) പരിവർത്തനങ്ങൾ ഇവിടെയും ആവശ്യമാണോ?

സമുദായഘടനയെ ഉടച്ചുവാർക്കുന്നതിനു കച്ചകെട്ടിയിറങ്ങിയിരിക്കുന്ന യുവജനങ്ങൾ അവർ പ്രാപിക്കുന്നതിനു ഉദ്ദേശിക്കുന്ന അന്ത്യം എന്തു്? അതിലേക്കുനയിക്കുന്ന മാർഗ്ഗങ്ങൾ ഏതെല്ലാം? എന്നു സുനിശ്ചിതമായവിധം ഗ്രഹിച്ചിരിക്കണം. വല്ലവരും വല്ലതും പറയുന്നതുകേട്ടു വല്ലതിനും തുനിഞ്ഞിറങ്ങിയാൽ വല്ലാത്ത അബദ്ധങ്ങളിൽ അവർ ചെന്നുചാടും!

മററുള്ള രാജ്യങ്ങളിൽനിന്നു ഇറക്കുമതി ചെയ്യുന്ന ആശയങ്ങളേയും ആദർശങ്ങളേയും സ്വീകരിക്കുന്ന കാര്യത്തിലാണ് നമ്മുടെ വിവേചനാപാടവം പ്രത്യേകിച്ചു ഉപയോഗപ്പെടുത്തേണ്ടതു്. ഉദാഹരണമായിപ്പറയുകയാണെങ്കിൽ, മാർക്സിന്റെ കാലത്തു് യൂറോപ്പിലോ ലെനിന്റെ കാലത്തു റഷ്യയിലോ ഉണ്ടായിരുന്ന പരിതഃസ്ഥിതികളല്ല, ഇന്നുനമ്മെ ഇവിടെ അഭിമുഖീകരിക്കുന്നതു്. അന്നു അവിടെ ഗുണകരമായിരുന്നതു് ഇന്നു ഇവിടെ ദോഷകരമായി പരിണമിച്ചേക്കാം.

ഒരാൾ തന്റെ വ്യക്തിമാഹാത്മ്യത്തേയും ബുദ്ധിശക്തിയേയും പ്രത്യക്ഷപ്പെടുത്തേണ്ടതു് അന്യനാടുകളിൽ നടന്ന സംഗതികളെ കണ്ണുമടച്ചു അനുകരിക്കുന്നതിലല്ല—അതു് പരിതാപകരമായ പരാജയത്തിൽ പര്യവസാനിക്കാൻ പാടുണ്ടു്— പ്രത്യുത, മററു രാജ്യങ്ങളിൽ പ്രവൃത്തിയിൽ വരുത്തിയിട്ടു ഗുണകരമെന്നു തെളിഞ്ഞ പദ്ധതികളെ സ്വന്തനാട്ടിൽ, പരിതഃസ്ഥിതികൾക്കനുസൃതമായ വ്യതിയാനങ്ങളോടുകൂടി പ്രായോഗികമാക്കിത്തീർക്കുന്നതിലാണ്. ഇക്കാര്യത്തിലാണ് പ്രത്യേകിച്ചും നമ്മുടെ യുവജനങ്ങളുടെ പ്രതിഭാവിലാസം പ്രത്യക്ഷമാകേണ്ടതു്.

എന്നാൽ ഒരു സംഗതി നിശ്ചയമാണ്. ഇന്നു നമ്മുടെ നാട്ടിൽ അനേകവിധത്തിലുള്ള അനീതികൾ മുഴച്ചുനിൽക്കുന്നുണ്ടു്. അവയെവെച്ചു പുലർത്തിക്കൊണ്ടുപോകുക സാദ്ധ്യമല്ല. ഇവിടെയും ഒരു മാററം ആവശ്യമാണു്.

40688

കുറച്ചുമുമ്പ് ബംഗാളിൽ നടന്ന സന്താപകരമായ സംഭവങ്ങൾതന്നെ നോക്കുക. ആ ഭയാനകമായ ക്ഷാമം! മനുഷ്യർ ലക്ഷക്കണക്കിനു വഴിയരികിൽ ചത്തുവീണു. ഏതോ ഒരു പത്രത്തിൽ ആയിടെ ഇപ്രകാരം വായിക്കുകയുണ്ടായി. . "ഒരു മരത്തിന്റെ തണലിൽ നിലത്തുകിടന്നു ചീയുന്ന ഒരു ശവശരീരം. അതിന്റെ മുഖത്ത് ഈച്ചകൾ കൂട്ടംകൂടിയിരിക്കുന്നു. നോക്കാനാളില്ലാതെ കാററിനും മഴക്കും പ്രത്യക്ഷത്തിൽ ഒഴിഞ്ഞുകൊടുക്കപ്പെട്ടതുപോലെ . . ." ഇതുതരത്തിൽ ഒന്നല്ല, നൂറല്ല, ലക്ഷക്കണക്കിനാണു മനുഷ്യർ അതെ, നമ്മെപ്പോലെ മാംസവും രക്തവും, ആത്മാവും ശരീരവും ഉള്ള നമ്മുടെ സഹോദരങ്ങൾ വഴിനീളെ ചത്തുവീണതു്.

ഈ ഭയങ്കര ക്ഷാമപ്പിശാച് എങ്ങനെ ഉത്ഭവിച്ചു? ലണ്ടനിലെ കോമൺസ് സഭയിൽ ചോദ്യമുണ്ടായപ്പോൾ അമെറി പ്രതിവചിച്ചു അതു് ദൈവഹിതമാണെന്നു്. ഘോരഘോരമായ ദൈവദൂഷണം! പിന്നീടു നടത്തിയ അന്വേഷണങ്ങൾ കുറെയെല്ലാം യാഥാർത്ഥ്യങ്ങളെ പുറത്തു കൊണ്ടുവന്നു. ഭയാനകമായ യാഥാർത്ഥ്യങ്ങൾ! പണമില്ലാഞ്ഞിട്ടല്ല; ധാന്യമില്ലാഞ്ഞിട്ടല്ല; ഉണ്ടായിരുന്നതിനെ ചില ദുഷ്ടമാനസരായ കച്ചവടക്കാർ പൂഴ്ത്തിവെച്ചതാണു് പ്രധാനമായ ഒരു കാരണം. വഴിയിൽ ചത്തുവീണ ഓരോ ശവത്തിനും ആയിരം രൂപാവീതം ഈ കുലദ്രോഹികൾക്കു് ലാഭമുണ്ടായിപോലും!

പണ്ഡിത് നെഹ്റു ഇവരെപ്പററി ഇപ്രകാരം പറയുകയുണ്ടായി. "ഒരു ചെറിയ പ്രാണിയെപ്പോലും ഉപദ്രവിക്കുന്നതു് എനിക്കു സങ്കടമാണു്. എന്നാൽ ഈ ദുഷ്ടന്മാരെ നിരനിരയായി തൂക്കിലിട്ടു കൊല്ലുന്നതു കാണാൻ സാധിച്ചെങ്കിൽ ഞാൻ അത്യധികം സന്തോഷിക്കുമായിരുന്നു."

എന്നാൽ ബംഗാളിൽ മാത്രമല്ല, ഇത്തരക്കാർ ഉണ്ടായതു്. നമ്മുടെ നാട്ടിലും അതെ, കത്തോലിക്കരിൽ തന്നെ. ലജ്ജാവഹം! പൊരിയുന്ന തങ്ങളുടെ കുഞ്ഞുങ്ങൾക്കു് അല്പം വെള്ളം കാച്ചിക്കൊടുക്കുന്നതിനുവേണ്ടി നാഴിനെല്ലു വിലയ്ക്കു വാങ്ങുവാൻ വാതിൽക്കൽവന്നു മുട്ടിയ...


...ARAM COLLEGE LIBRAR...
...ANGALORE - 29

ന്ന സാധുക്കളെ അരകൽനിറയെ നെല്ല് ഇട്ടുകൊണ്ടു ഒഴി ഞ്ഞതൊക്കെയും കണ്ണുനീരുമായി പറഞ്ഞയച്ച കത്തോലി ക്കർ നമ്മുടെ നാട്ടിലും ഉണ്ടുപോലും! ഇവരെപ്പററി എന്താ ണു പറയേണ്ടതു്?

വേറൊരുരംഗം! "തങ്ങളുടെ വരണ്ടമുലകൾ കുട്ടി ക്കുകൊടുത്തു നടക്കുന്ന അനേകം സ്ത്രീകൾ. അവയിൽ പാ ലില്ല. ആ കുട്ടികൾ കുടിക്കുന്നതു് ചോരയാണു്." ഇതു വാ യിച്ചപ്പോൾ ഒരു സംഗതി എന്റെ ഓർമ്മയിൽവന്നു. ക ഴിഞ്ഞകൊല്ലമാണെന്നു തോന്നുന്നു, നമ്മുടെ ഒരു പട്ടണ ത്തിൽക്കൂടി ഒരു ദിവസം രാവിലെ കടന്നുപോകുന്നതി നു് എനിക്കു ഇടയായി. അപ്പോൾ കാണാം അവിടത്തെ വലിയ മാളികകളുടെ തിണ്ണയിൽ കാററും മഴയും നന ഞ്ഞു, കീറത്തുണിയിൽ പൊതിഞ്ഞു ചുരുണ്ടുകിടക്കുന്ന അ നേകം മനുഷ്യജീവികൾ. "ആ സാധുക്കൾക്കു രാത്രി കഴി ച്ചുകൂട്ടുന്നതിനുള്ള സ്ഥലമെങ്കിലും ലഭിക്കത്തക്ക സാമുദാ യികനീതി എന്നുണ്ടാകും." ഒരു നെടുവീർപ്പോടുകൂടി ഞാൻ ചോദിച്ചുപോയി.

പട്ടിണികൊണ്ടു വലഞ്ഞു, നമ്മുടെ പടിവാതില്ക്കൽ മുട്ടിവിളിക്കുന്ന ആ പാവങ്ങൾക്കു് അവജ്ഞാപൂർവ്വം നാ ലുകാശു് എറിഞ്ഞുകൊടുത്തതുകൊണ്ടുമാത്രം അവരോടു ള്ള നമ്മുടെ കടമ നിർവ്വഹിക്കപ്പെട്ടെന്നു നമുക്കു വിചാ രിക്കാമോ? എന്നാൽ അതുപോലും ചെയ്യുന്നവർ എത്ര യോ ചുരുക്കം!

ഇനിയും വേറൊരുതരം പട്ടിണിക്കാരുണ്ടു്. അവർ മാന്യന്മാരാണു്. കോട്ടും ഷർട്ടും ധരിച്ചു്, ശീലക്കുടയും വടിയും പിടിച്ചു്, "അന്തസ്സിൽ" നടക്കുന്ന "ഉദ്യോഗ സ്ഥന്മാർ" പതിനഞ്ചോ, ഇരുപതോ രൂപാ ശമ്പളം കി ട്ടും. അതിൽ പത്തു രൂപായെങ്കിലും വീട്ടുവാടക പോകും. പിന്നെ നിത്യച്ചെലവുകൾ. അവരുടെ കുടുംബത്തിന്റെ സ്ഥിതിയെന്തു്?

പിന്നെ നമ്മുടെ കൃഷിക്കാർ. ഇൻഡ്യയിലെ ഏഴ ലക്ഷം ഗ്രാമങ്ങളിൽ അധിവസിക്കുന്ന കോടാകോടി അ ല്പപ്രാണങ്ങൾ. അതിരാവിലെ തുടങ്ങി വെയിലും മഴ

ന്യം ഏററവു്, എല്ലുമുറിഞ്ഞു ജോലി ചെയ്യണം. ഇങ്ങനെ കഷ്ടപ്പെട്ടുണ്ടാക്കുന്ന ഉൽപ്പന്നങ്ങളോ? അവ ധനവാന്മാർക്കുള്ളതാണു്; മുതലാളികൾക്കു്, ജന്മികൾക്കു്! പിന്നെ അവ പാവങ്ങൾക്കു ശേഷിക്കുന്നതു്? പണിയും പട്ടിണിയും.

തിരുവിതാംകൂറിൽ ഓരോ കുടുംബത്തിനും ശരാശരി അരയേക്കർ സ്ഥലമേയുള്ളു എന്നു് ഒരു പ്രസ്താവന കാണുകയുണ്ടായി. അതു വാസ്തവമാണെങ്കിൽ നമ്മുടെ കൃഷിക്കാരുടെ സ്ഥിതി എത്ര കഷ്ടതരമായിരിക്കണം! പലരും ആയിരവും, രണ്ടായിരവും, അതിൽ കൂടുതലും ഏക്കർസ്ഥലം സ്വന്തമായി വെച്ചുകൊണ്ടിരിക്കുമ്പോൾ അനേകം പേർക്കു ഒരു സെൻറുപോലും സ്വന്തമായി ലഭിക്കുകയില്ലെന്നു സുവിദിതമാണു്. ആ ലക്ഷങ്ങളുടെ സ്ഥിതിയെന്താണു്? പൊരിയുന്ന വയറോടും കറങ്ങുന്ന തലയോടും കൂടി അവർ കമ്മ്യൂണിസം സ്വപ്നം കാണുന്നെങ്കിൽ അതിനു് ആരാണുത്തരവാദി?

നമ്മുടെ തൊഴിലാളികളെപ്പററിയും ചിന്തിക്കേണ്ടതുണ്ടു്. തൊഴിലാളികൾ എന്നു പറയുമ്പോൾ ഞാൻ ഉദ്ദേശിക്കുന്നതു് വ്യവസായശാലകളിൽ ജോലിചെയ്യുന്ന വേലക്കാരെ മാത്രമല്ല സുസംഘടിതമായവിധം തങ്ങളുടെ ജന്മാവകാശങ്ങൾക്കുവേണ്ടി പൊരുതുവാൻ ശേഷിയുള്ള വരുടേതിനേക്കാൾ എത്രയോ കൂടുതൽ പരിതാപകരമാണു് നമ്മുടെ അനേക ധനിക കുടുംബങ്ങളിൽ അടിമവേല ചെയ്തു നരകിക്കുന്ന മൂകവൃന്ദങ്ങൾ!

ഉന്നതസ്ഥിതിയിൽ കഴിഞ്ഞുപോരുന്ന ഒരു കുടുംബം. അവിടെ ഗൃഹനായികയുണ്ടു്; അരോഗദൃഢഗാത്രരായ യുവതികൾ ഉണ്ടു്; എന്നാൽ ഇവരെല്ലാം ഉടുത്തുചമഞ്ഞു, ചിക്കിമിനുക്കി, നഗരവീഥികളിലും വനിതാക്ലബ്ബ്കളിലുമായി അവരുടെ സമയം ചെലവാക്കുന്നു. ചിലർ, കുറെസമയം ദൈവാലയത്തിലും കഴിച്ചുകൂട്ടി, തങ്കമിട്ടു് മേനിക്കടലാസിൽ അടിച്ചു പുറത്തുവന്നിട്ടുള്ള "നിത്യാരാധന"കളിൽനിന്നു കുറെ പ്രാർത്ഥനകൾ വായിച്ചുകൂട്ടിയെന്നും വരാം.

വീട്ടിലെ കാര്യങ്ങളോ? അവിടെ ഒരു വേലക്കാരി

യുണ്ട്. അവൾ അതിരാവിലെ എഴുന്നേല്ക്കണം, കാപ്പി, പലഹാരങ്ങൾ, ചോറ്, കറി ഇവയെല്ലാം ഓരോരുത്തരുടെയും ഇഷ്ടാനുസരണം ഉണ്ടാക്കിക്കൊടുക്കണം. അതുകൂടാതെ, കുട്ടികളെ വളർത്തണം; ഗൃഹസംബന്ധമായ മററ് അനേകം ജോലികളും ചെയ്തു തീർക്കണം. പ്രതിഫലമോ? ശകാരങ്ങൾ; ചിലപ്പോൾ ദേഹോപദ്രവങ്ങളും! മററുള്ളവക്ക് ഇഷ്ടാനുസരണം പലവിധത്തിലുള്ള പലഹാരങ്ങളും, ഇറച്ചി, മീൻ, പാൽ, മുട്ട മുതലായ ഭക്ഷണസാധനങ്ങളും പാകം ചെയ്തുകൊടുക്കുന്ന അവൾക്കു കിട്ടുന്ന ആഹാരം "പഴയൻകഞ്ഞിയും വെള്ളരിക്കാക്കറിയും."

ഒന്നു ചോദിച്ചുകൊള്ളട്ടെ. കൊഴുത്തുതടിച്ചു ഉന്മേഷവതികളായി നടക്കുന്ന ഗൃഹനായികയ്ക്കും, അവരുടെ പ്രായമുള്ള പെൺമക്കൾക്കും ആ പാവപ്പെട്ട വേലക്കാരിയെ അല്പം സഹായിച്ചുകൂടെയോ? അവർ വേണമെങ്കിൽ ഉടുത്തണിഞ്ഞു ആഭരണങ്ങളും വാരിക്കോരി ധരിച്ചു, പ്ലാറ്റുഫോറങ്ങളിൽ കയറിനിന്നു സമുദായോദ്ധാരണത്തെക്കുറിച്ചു കെങ്കേമമായ പ്രസംഗങ്ങൾ തട്ടിവിടും. പക്ഷെ ആ പ്രസംഗങ്ങളിൽ അല്പമെങ്കിലും ആത്മാർത്ഥതയ്ക്കു സ്ഥാനമുണ്ടെങ്കിൽ, അവരുടെ ഉദ്ധാരണ പ്രവർത്തനങ്ങൾ സ്വകുടുംബങ്ങളിൽത്തന്നെ തുടങ്ങട്ടെ. വേലയെ സ്നേഹിക്കുക; വേലക്കാരെ സ്നേഹിക്കുക,— ഇതാണ് വേലക്കാരെ ഉയർത്തുന്നവർ അനുസരിക്കേണ്ട പ്രഥമ തത്വം.

പുരുഷന്മാരുടെ വശവും അധികം വ്യത്യസ്തമല്ല. ധനികകുടുംബത്തിൽ ജനിക്കാനോ, ഇംഗ്ലീഷ് സ്കൂളിൽ കാലുകുത്താനോ നിർഭാഗ്യമുണ്ടായ ഒരു യുവാവുപോലും കൈയേൽ മണ്ണുപററത്തക്ക ഒരു ജോലി ചെയ്തുപോയേക്കുമെന്നു സ്വപ്നത്തിൽപോലും ഭയപ്പെടേണ്ടതില്ല. കഷ്ടം! ഇവരാണോ സമുദായോദ്ധാരകർ? കഷ്ടപ്പെട്ടു പറമ്പുകളിലും പാടങ്ങളിലും ജോലിചെയ്യുന്ന കൂലിക്കാരുടെ വേലയിലും ക്ലേശഭൂയിഷ്ഠമായ അവരുടെ ജീവിതത്തിലും ഭാഗഭാക്കാകുന്നതിനു ലജ്ജിക്കുന്ന ഒരു യുവാവു സമുദായോദ്ധാരണം എന്ന വാക്കു ഉച്ചരിക്കുന്നതിനുപോലും അർഹനല്ല.

അതെ, നിശ്ചയമായും നമ്മുടെ ഇടയിൽ നിലനിന്നുപോരുന്ന അനേകതരത്തിലുള്ള അനീതികളെ ദൂരീകരിക്കണം എന്നു നിശ്ചയമാണ്. ഒരു മാററം അത്യന്താപേക്ഷിതമത്രേ.

## 7) നമ്മുടെ ആദർശം റഷ്യയോ?

സമുദായോദ്ധാരണത്തിനായി പ്രയത്നിക്കുവാനുദ്ദേശിക്കുന്ന സകലരും - ഇന്നു പ്രത്യാശാപൂർവ്വം വീക്ഷിക്കുന്നതു റഷ്യയിലേക്കാണ്. റഷ്യാ, തൊഴിലാളികളുടെ പറുദീസാ. ഫാസിസ്റ്റ്-ഹിററ്ലറെ തകർത്ത ധീരയോദ്ധാക്കളെ ഉൽപാദിപ്പിച്ച അത്ഭുതാവഹമായ തൊഴിലാളിരാഷ്ട്രം!

പലരും റഷ്യയെപ്പററി പലതും പറയാറുണ്ട്. "നാരകീയം" "പൈശാചികം" തുടങ്ങിയ ചില കീർത്തിമുദ്രകൾ ആ വെള്ളക്കരടിയുടെ കഴുത്തിൽ കെട്ടിച്ചാർത്തുന്നവരും ഉണ്ട്. അതു തൊഴിലാളിസ്വർഗ്ഗമാണെന്നു ചിലർ; അല്ല, മനുഷ്യരെ അടിമത്തത്തിൽ ഇട്ടു ഞെരുക്കുന്ന നൂതന നരകമാണെന്ന് മററു ചിലർ. ഇതിലേതാണ് വാസ്തവം? വാസ്തവത്തിൽ റഷ്യയിലെ സ്ഥിതിയെന്താണ്?

മൂന്നുകൊല്ലങ്ങൾക്കുമുമ്പ് അമേരിക്കൻ പ്രസിഡണ്ടിന്റെ പ്രതിനിധിയെന്ന നിലയിൽ ലോകം മുഴുവൻ ചുററിസഞ്ചരിച്ച പരേതനായ വെൻഡൽവിൽക്കിയെന്ന ദേഹം തന്റെ സഞ്ചാരത്തെ പരാമർശിച്ചെഴുതിയ "ഏകലോകം" എന്ന ഗ്രന്ഥത്തിൽ റഷ്യയിൽ അദ്ദേഹം ദർശിച്ച സ്ഥിതിഗതികളെ വിവരിക്കുന്നുണ്ട്. ഇന്നത്തെ റഷ്യയെ സംബന്ധിച്ചിടത്തോളം ഏററവും നിഷ്പക്ഷവും യഥാർത്ഥവുമായ വിവരങ്ങൾ അവയാണെന്നു റഷ്യൻ മനഃസ്ഥിതിയോട് ഏററവും അനുഭാവമുള്ളവർപോലും തുറന്നു സമ്മതിക്കും. ഈ ഗ്രന്ഥത്തിൽ നിന്നെടുത്തതാണ് താഴെ പ്രസ്താവിക്കാൻ പോകുന്ന അനുമാനങ്ങൾ.

1) ഇന്നത്തെ റഷ്യൻ തൊഴിലാളികളുടെ സ്ഥിതി പരിതാപകരമാണ്. അദ്ദേഹം സന്ദർശിച്ച ഫാക്ടറികളെപ്പററി മി. വില്ക്കി പറയുന്നു: "തൊഴിലാളികളിൽ മുപ്പത്തഞ്ചു ശതമാനത്തിലധികം സ്ത്രീകളാണ്. പത്തുവ

യസ്സിൽ കൂടുതൽ പ്രായമാവാത്ത കുട്ടികളും അവിടെ പണിയെടുക്കുന്നുണ്ടു്. നീലയുടുപ്പണിഞ്ഞ ഈ കുട്ടികളെ കണ്ടാൽ വിദ്യാർത്ഥികളെപ്പോലെ തോന്നുമെങ്കിലും മിക്ക ഫാക്ടറികളിലും പ്രായപൂർത്തി വന്നവരോടൊപ്പം ഇവരും അറുപതിയാറു മണിക്കൂർ ആഴ്ചയിൽ പണിയെടുക്കുന്നുന്നു പറയുവാൻ ഫാക്ടറിയുദ്യോഗസ്ഥന്മാർ മടിച്ചിരുന്നില്ല. (P. 81.) അവിടെ ഓരോ തൊഴിലാളിയെക്കൊണ്ടും കഴിയുന്നത്ര ജോലി ചെയ്യിക്കുന്നതിനു വേണ്ട സകല മാർഗ്ഗങ്ങളും അവലംബിച്ചുവരുന്നു. പ്രത്യേകിച്ച് ശ്രദ്ധാർഹമായിട്ടുള്ളത് ഫാക്ടറികൾ തങ്ങളിലുള്ള മത്സരമാണ്. "ഉൽപാദനത്തിന്റെ തോതും ഗുണവും വർദ്ധിപ്പിക്കുന്നതിനുള്ള മത്സരത്തിൽ മുന്നണിയിൽ നില്ക്കുന്ന "ഷോപ്പു"കളുടെയും തൊഴിലാളികളുടെയും പേരുവിവരം ഫാക്ടറിയുടെ ചുവരിന്മേൽ കാണാം." (P. 82.)

എന്നാൽ മത്സരത്തിൽ പരാജയപ്പെടുന്ന ഫാക്ടറികളുടെ ഡയറക്ടർമാർക്കും, ഉദാസീനത കാണിക്കുന്നുവെന്നു കുറ്റം ആരോപിക്കപ്പെടുന്ന തൊഴിലാളികൾക്കും കിട്ടുന്ന പ്രതിഫലം വളരെ വ്യത്യസ്തമായ ഒന്നാണ്. "റഷ്യയിൽ അവസാനിപ്പിക്കുക" എന്ന പദം സാധാരണ ഉപയോഗിക്കാറുള്ള ഒന്നാണ്. ഒരു കടമ നിർവ്വഹിക്കുന്നു എന്ന അർത്ഥത്തിൽ അതിനെ ഉപയോഗിക്കാം. ജോലിയിൽ അപ്രാപ്തി കാണിക്കുകയോ, കുതിക്കൂട്ടി ഒടസ്ഥപ്പെടുത്തുകയോ ചെയ്യുന്നതിനു, ബന്ധനസ്ഥനാക്കുകയോ നാടുകടത്തുകയോ മരണശിക്ഷ കല്പിക്കുകയോ ചെയ്യുന്നതിനു് ഈ വാക്ക് ഉപയോഗിക്കാം. ഒരു കൂട്ടുകൃഷിസ്ഥലത്തു് നൂറു പശുക്കൾ ചത്തതിനു സ്ഥലത്തെ മാനേജർക്കു് ഇരുപത്തുകൊല്ലത്തെ തടവുശിക്ഷ വിധിച്ചതിനെപ്പറ്റി "പ്രവാദാ" പത്രത്തിൽ പ്രസിദ്ധം ചെയ്തിരുന്ന ഒരു റിപ്പോർട്ടു ഞാൻ ഓർമ്മിച്ചു. ഈ നാശത്തിനു കാരണമാകിയ ദോഷങ്ങൾ അദ്ദേഹത്തിനു അവസാനിപ്പിക്കുവാൻ സാധിച്ചില്ല; അതുകൊണ്ടു അവർ അദ്ദേഹത്തെ അവസാനിപ്പിച്ചു" (P. 126—7.)

2) റഷ്യയിൽ വർഗ്ഗവ്യത്യാസവും സ്വകാര്യസ്വത്തും

ഇന്നും നിലനില്ക്കുന്നു. അവിടെക്കണ്ട ഒരു ഫാക്ടറി ഡയറക്ടറെപ്പററി മി. വില്ക്കി ഇപ്രകാരം പറയുന്നു.

“എൻെറ ചോദ്യങ്ങൾക്ക് അയാൾ സന്തോഷത്തോടുകൂടി ഉത്തരം പറഞ്ഞു. മുപ്പത്തിരണ്ടു വയസ്സു പ്രായം. വിവാഹിതനാണ്. സാമാന്യം ഭേദപ്പെട്ട ഒരു പാർപ്പിടം ഉണ്ട്. യുദ്ധത്തിനു മുമ്പ് സ്വന്ത ഉപയോഗത്തിനു ഒരു കാറുമുണ്ടായിരുന്നു.

“ഒരു മേലധികാരിയെന്ന നിലയിൽ നിങ്ങളുടെ ശമ്പളം സാധാരണ തൊഴിലാളിയുടേതിൽനിന്നു വ്യത്യസ്ഥമാണോ?” ഞാൻ ചോദിച്ചു

“സ്വല്പനേരത്തേക്കു ആലോചിച്ചതിനുശേഷം അയാൾ മറുപടി പറഞ്ഞു. എനിക്കു പത്തിരട്ടി കൂടുതൽ ശമ്പളമുണ്ട്...”

“നിങ്ങളുടെ സമ്പാദ്യം എങ്ങനെയാണ് ഉപയോഗിക്കാറ്?”

“എൻെറ അല്പമായ സമ്പാദ്യംകൊണ്ട് ഞാൻ ഒരു നല്ല വീടു വാങ്ങി. ഒഴിവു ദിവസങ്ങളിൽ എൻെറ കുടുംബത്തിന് അവിടെപ്പോയി താമസിക്കാം. ഫാക്ടറിയിൽനിന്നു പോകാൻ അവധികിട്ടുമ്പോൾ എനിക്കും അവിടെ താമസിച്ചു വിശ്രമിക്കാം.”

മി. വില്ക്കിയുടെ ഗ്രന്ഥത്തിൽ റഷ്യയെപ്പററി വേറെയും രസകരമായ പലഭാഗങ്ങൾ ഉണ്ട്. എന്നാൽ കമ്മ്യൂണിസത്തിൻെറ സാരാംശങ്ങളായ തത്വങ്ങൾ റഷ്യയിൽ എങ്ങനെ പ്രയോഗത്തിൽ വരുന്നുവെന്നു കാണിക്കുന്നതിനു മേൽ ഉദ്ധൃതമായ ഭാഗങ്ങൾ ധാരാളം മതിയാകും. നാട്ടിലെ സകല ജനങ്ങളും സമനിലയിൽ കഴിയണമെന്നും, സ്വകാര്യസ്വത്തു പാടില്ലെന്നും, ധനം സമമായി വിതരണം ചെയ്യപ്പെടണമെന്നുമുള്ള “സമഷ്ടി” വാദ സിദ്ധാന്തങ്ങളെല്ലാം പാടെ തകർന്നതായിട്ടാണ് റഷ്യയിലെ ഇന്നത്തെ അനുഭവം.

തൊഴിലാളികളുടെ സ്ഥിതിയോ? ഒരു സംഗതി സമ്മതിക്കണം. അവിടെ തൊഴിലില്ലായ്മയില്ല. മാനേജ

രുടെ അഭീഷ്ടാനുസരണം നിശ്ചയിക്കപ്പെടുന്ന ജോലി ത ക്കസമയത്തു ചെയ്തുതീർക്കുന്നതിന് "പ്രാപ്തി" യുള്ള ജോ ലിക്കാർക്ക് അവശ്യമുള്ള ആഹാരവും കിട്ടും.

എന്നാൽ ഈ ആഹാരത്തിന് അവർ കൊടുക്കേണ്ട വിലയെന്താണ്? ഒന്നാമതായി മനുഷ്യശക്തിക്കതീതമായ വിധം ഭയാനകമായ ജോലി. പത്തുവയസ്സായ കുട്ടികൾ പോലും ആഴ്ചയിൽ 66 മണിക്കൂർ ജോലി ചെയ്യണം. ജോലിയുടെ തോതു വർദ്ധിപ്പിക്കുന്നതിനുള്ള മത്സരങ്ങളും "അവസാനിപ്പിക്കലും" അതങ്ങനെ.

എങ്കിലും, റഷ്യൻ ജനത സഹിക്കേണ്ട ഏററവും വലിയ ത്യാഗം ഇതല്ല. അതു് ജന്മസിദ്ധമായ സ്വാതന്ത്ര്യത്തിൻെറ നഷ്ടമാണ്. "ഒരു ചാൺ വയറു" മനുഷ്യ ജീവിതത്തിൽ എത്ര പ്രാധാന്യമേറിയ ഒരു ഘടകമായിരുന്നാലും, അതിനേക്കാൾ വിലയേറിയതാണ് അവൻെറ സ്വാതന്ത്ര്യം. സ്വന്ത അഭീഷ്ടാനുസരണം ജീവിക്കുക, ഇഷ്ടമുള്ള ഭക്ഷണം കഴിക്കുക, സ്വമനസ്സാക്ഷിക്കു ചേരുന്നവിധം ഈശ്വരസേവനം നടത്തുക, രഹസ്യപ്പോലീസിനാൽ "അവസാനിപ്പിക്കപ്പെട്ട"മെന്നു ഭയപ്പെടാതെ സ്വന്ത അഭിപ്രായങ്ങൾ തുറന്നുപറയുക; സ്വപ്രയത്നഫലമായ പണം സ്വാഭീഷ്ടാനുസരണം ചെലവാക്കുക; ഇങ്ങനെ നൂറുകാര്യങ്ങളിൽ മനുഷ്യൻെറ ജന്മവാസനയായ സ്വാതന്ത്ര്യം പ്രത്യക്ഷപ്പെടുന്നു. എന്നാൽ ഇതൊന്നും റഷ്യയിലെ തൊഴിലാളികൾക്കു സാധ്യമല്ല.

മതസ്വാതന്ത്ര്യത്തെ പാടെ നിഷേധിച്ചുകൊണ്ടിരുന്ന റഷ്യയുടെ മനോഭാവത്തിനു മാററമുണ്ടായെന്നു കേട്ടെങ്കിലും അതിൻെറ ഫലമെന്താണെന്നു കണ്ടറിയേണ്ടിയിരിക്കുന്നു. അഭിപ്രായ സ്വാതന്ത്ര്യം ഇന്നും റഷ്യയിൽ ഇല്ലെന്നു നിസ്സംശയമാണ്. ഭരണാധികാരികളെക്കുറിച്ച് അതൃപ്തിയുടെ ഏതെങ്കിലും ലക്ഷണം പ്രത്യക്ഷപ്പെടുത്തുന്ന ഒരാൾ മൂന്നലിവസത്തിനകം മൃത്യുവിനു ഇരയാവുകയോ, സൈബീരിയായിലേക്ക് നാടുകടത്തപ്പെടുകയോ ചെയ്യും.

റഷ്യയെ സംബന്ധിച്ചു വേറൊരു സംഗതിയും പ്ര

ത്യേകം പ്രസ്താവ്യമായിട്ടുണ്ട്. അവിടെയുള്ളവർ മുഴുവൻ കമ്മ്യൂണിസ്റ്റുകാർതന്നെയെന്നു പലരും തെറ്റിദ്ധരിച്ചുപോകുന്നു. എന്നാൽ വാസ്തവത്തിൽ 20 കോടിവരുന്ന അവിടത്തെ ജനങ്ങളുടെമേൽ അധികാരം നടത്തുന്ന 30 (മുപ്പതു) ലക്ഷം കമ്മ്യൂണിസ്റ്റുകാർ മാത്രമാണ് അവിടെയുള്ളത്. റഷ്യ ഒട്ടുക്കുള്ള എല്ലാ വ്യവസായശാലകളും, കൂട്ടുകൃഷിപദ്ധതികളും ഗവൺമെണ്ടുദ്യോഗങ്ങളും, വിദ്യാഭ്യാസം, വൈദ്യസഹായം മുതലായവയും അവിടത്തെ ഇന്നത്തെ മുതലാളിവർഗ്ഗമായ കമ്മ്യൂണിസ്റ്റുകാരുടെ സ്വന്തമാണ്. അവരുടെ കീഴിൽ അവരുടെ അഭീഷ്ടാനുസരണം ജോലി ചെയ്യുന്നവർക്കേ റഷ്യയിൽ ജീവിക്കാൻ സാധ്യമാവുകയുള്ളൂ.

എന്നാൽ ഈ സ്ഥിതിയിൽ റഷ്യയെ എത്തിക്കുന്നതിന് അവിടത്തെ ജനങ്ങൾ അനുഭവിക്കേണ്ടിവന്ന കഷ്ടതകളോ? "ഇംപ്രഷ്യൻസ് ഓഫ് സോവ്യറ്റ് റഷ്യാ" എന്ന ഗ്രന്ഥത്തിൽ സരോളി എന്ന മഹാൻ പറയുന്നത്, റഷ്യൻ വിപ്ലവകാലത്ത് അനേകം വൈദികാധികാരികൾക്കു പുറമെ അവിടത്തെ 6000 അദ്ധ്യാപകന്മാരെയും, 9000 ഡോക്ടർമാരെയും 12950 നിലമുടമസ്ഥന്മാരെയും 54000 ഉദ്യോഗസ്ഥന്മാരെയും 70000 പോലീസ്കാരെയും 193290 തൊഴിലാളികളെയും 260000 പട്ടാളക്കാരെയും 355250 നിസ്സാര ജോലിക്കാരെയും 815100 കൃഷിക്കാരെയും കൊന്നൊടുക്കിയിട്ടുണ്ടെന്നാണ്. അനന്തരകാലങ്ങളിൽ അവിടെ നടന്ന "ശുദ്ധീകരണങ്ങളും" "അവസാനിപ്പിക്കലുകളും" മുഖേന നശിച്ചവർ എത്രയായിരം ആണെന്നു ആർക്കറിയാം?

ഈ സോവ്യറ്റ് റഷ്യയോ നമ്മുടെ ആദർശം?

## 8) പിന്നെ എന്തു ചെയ്യണം?

ഇന്നത്തെ സാമ്പത്തിക ദുരവസ്ഥകളെ ദൂരീകരിക്കാൻ അഭിലഷിക്കുന്ന യുവാക്കന്മാരുടെ മനോമുകുരത്തിൽ പ്രതിഫലിക്കുന്ന ആദർശം സോവ്യറ്റ് റഷ്യൻപദ്ധതിയാണ്. എന്നാൽ അല്ല 'മതസംബന്ധമായ കാരണങ്ങളാൽ

നിരാകൃതമാണെന്നും സാമ്പത്തികവും രാഷ്ട്രീയവുമായ കാരണങ്ങളാൽ അപ്രായോഗികവും അപഖ്യാപൂർവ്വമാണെന്നും ഗ്രഹിക്കുമ്പോൾ അവരുടെ മനസ്സ് ഇടിഞ്ഞുപോകുന്നു. പിന്നെ ഞങ്ങൾ എന്തുചെയ്യും? ഞങ്ങളുടെ ജീവിതം പാഴാക്കിക്കളയാനോ? ഇന്നത്തെ ദുരവസ്ഥകൾക്ക് ഒരു പരിഹാരം കണ്ടെത്തുവാൻ സാദ്ധ്യമല്ലയോ? എന്നെല്ലാം അവർ ചോദിക്കുന്നു.

പക്ഷെ, ഈ പരാജയ മനഃസ്ഥിതി അസ്ഥാനത്താണ്. ഇന്നത്തെ സമുദായഘടന അഴിച്ചു പണിയേണ്ടതാണെന്നു നിശ്ചയമായ സ്ഥിതിക്ക് അതു കമ്മ്യൂണിസം വഴി സാദ്ധ്യമല്ലെങ്കിൽ, വേറെ പ്രായോഗികമായ മാർഗ്ഗം കണ്ടുപിടിക്കണം. പുരോഗമനേച്ഛുക്കളായ ഈ യുവാക്കന്മാർ എന്തുകൊണ്ടാണ്, അന്യനാടുകളിൽ പരിശോധന നടത്തിയിട്ട് അപ്രായോഗികമാണെന്നു തെളിഞ്ഞ പഴഞ്ചൻ പദ്ധതികളുടെ പുറകെ പോകുന്നതിന് പ്രത്യാശിക്കുന്നതെന്നു മനസ്സിലാകുന്നില്ല.

എന്നാൽ ഒരു സംഗതിയുണ്ട്. ഇന്നത്തെ സാമ്പത്തികമായ അനീതികൾക്ക് ഒരു പ്രതിവിധിയെന്ന നിലയിൽ കമ്മ്യൂണിസം നിരാകൃതമെങ്കിലും, റഷ്യയുടെ കഴിഞ്ഞ കാൽശതാബ്ദത്തെ അനുഭവജ്ഞാനം നാം നഷ്ടമാക്കിക്കളയേണ്ടതില്ല. അവരുടെ ചരിത്രം നമ്മുടെ ഭാവിചരിത്രം സൃഷ്ടിക്കുന്നതിന് ഒരു മാർഗ്ഗദർശിയാവുകയില്ല. ശരിതന്നെ; പക്ഷെ, അപ്രായോഗികങ്ങളായ മാർഗ്ഗങ്ങളിൽനിന്നും അനാവശ്യങ്ങളായ തെറ്റുകളിൽനിന്നും നമ്മെ തടയുന്നതിനുള്ള ഒരുപകരണമെന്ന നിലയിൽ കമ്മ്യൂണിസ്റ്റു പദ്ധതിക്കു പ്രാധാന്യം ഉണ്ട്.

ലെനിനും സ്റ്റാലിനും മാത്രമല്ല, ദൈവം ബുദ്ധികൊടുത്തിട്ടുള്ളത്, നമ്മുടെ കത്തോലിക്കാ യുവജനങ്ങൾക്കു ദൈവാനുഗ്രഹത്താൽ അതു ഒട്ടും കുറവല്ല. പിന്നെ എന്തിന് ദാസോചിതമായ വിധം ആ റഷ്യൻ നേതാക്കളെ നാം അനുകരിക്കണം? നമ്മുടെ നാട്ടിനും ജനങ്ങൾക്കും അനുയോജ്യമായ പ്രവൃത്തിപരിപാടി നാംതന്നെ സൃഷ്ടി

കയാണുവേണ്ടതു്; അന്യനാട്ടുകളിൽ നിന്നു് ഇറക്കുമതി ചെയ്യരുതല്ലൊ.

നമ്മുടെ ആദർശം ഇതായിരിക്കണം; സ്വാതന്ത്ര്യവും സമത്വവും; അഥവാ, പ്രജായത്തപരമായ സാമ്പത്തിക സമത്വം. ഇന്നു നാം കാണുന്നതു് ഒന്നുകിൽ ലക്ഷക്കണക്കിനു പട്ടിണിപ്പാവങ്ങളെ ഉൽപാദിപ്പിക്കുന്ന ജനകീയ ഭരണം; അല്ലെങ്കിൽ സാമ്പത്തിക സമത്വത്തെ സ്ഥാപിക്കുന്നതിനായി ശ്രമിക്കുന്ന (അതു സാദ്ധ്യമാകുന്നതിന്റെ യാതൊരു ലക്ഷണവും കാണുന്നില്ല.) ഏകാധിപത്യം. ഒന്നു സ്വാതന്ത്ര്യം നൽകുന്നു; എന്നാൽ സാമ്പത്തികമായ അനീതികളെ പുലർത്തുന്നു; മറ്റേതു സാമ്പത്തികമായ നീതി സ്ഥാപിക്കുന്നതിനു പ്രയത്നിക്കുന്നു; എന്നാൽ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നു.

പരിപൂർണ്ണസാമ്പത്തികസമത്വം അപൂർണ്ണതകൾ നിറഞ്ഞ ഈ ലോകത്തിൽ എത്രകണ്ടു സാദ്ധ്യമാണെന്നു കണ്ടുതന്നെ അറിയണം. എന്നാൽ ഒരു സംഗതി അത്യന്താപേക്ഷിതമാണു്; സാദ്ധ്യവുമാണു്. ഓരോ വ്യക്തിക്കും സ്വന്തകുടുംബം പുലർത്തുന്നതിനും സ്വകാര്യാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ധനാഗമമാർഗ്ഗം ഉണ്ടായിരിക്കണം. അതുപോലെതന്നെ, “അവസാനിപ്പിക്ക”പ്പെടുമെന്നു ഭയപ്പെടാതെ സ്വന്തമനസ്സാക്ഷിക്കനുസരണമായി മതകർമ്മാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിനും സ്വാഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കണം.

ഒറ്റദിവസംകൊണ്ടു സോഷ്യലിസ്റ്റുരാജ്യമായി രൂപാന്തരപ്പെട്ട ഇംഗ്ലണ്ടിൽ ഈ അടുത്ത കൊല്ലങ്ങളിൽ നടന്നുകൊണ്ടിരുന്ന ‘നിശ്ശബ്ദപരിവർത്തനങ്ങൾ’ നമുക്കു് ഒരു മാർഗ്ഗദർശിയായിരിക്കേണ്ടതാണു്. വർഗ്ഗവ്യത്യാസത്തെയും സ്വകാര്യസമ്പത്തിനെയും ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ലക്ഷക്കണക്കിനു ജനങ്ങളെ കൊന്നൊടുക്കി നിലവിലിരുന്ന സാമുദായികസ്ഥിതിയെ തട്ടിത്തകർത്തതിന്റെ ശേഷം കാൽ ശതാബ്ദം കഴിയുന്നതിനുമുമ്പു് ആദ്യത്തേതിൽനിന്നു് അധികം വ്യത്യസ്തമല്ലാത്തതും എന്നാൽ കൂടുതൽ ദോ

ഷകരമായത്തുമായ വർഗ്ഗീയ വ്യത്യാസത്തെയും മുതലാളിത്തത്തെയും പുനഃസ്ഥാപിച്ച ആ റഷ്യയിൽ നടന്നതിൽ നിന്ന് എത്രയോ വിഭിന്നമായ സംഭവവികാസങ്ങൾ!

ബ്രിട്ടനു തെറ്റുകൾ ഉണ്ട്. അനവധിയുണ്ടായിരിക്കാം. എന്നാൽ ഗുണങ്ങളുമുണ്ട്. തെറ്റുകളെക്കുറിച്ചുള്ള വിദ്വേഷം കാരണം ഉള്ള നന്മയെക്കാണാതിരിക്കുന്നതു ഭോഷത്വമാണ്. നിശ്ചിതമായ ആദർശത്തെ മുൻനിറുത്തി സുസംഘടിതമായവിധം പ്രയത്നിച്ചാൽ താദൃശമായ പരിവർത്തനങ്ങൾ നമുക്കും സാധിക്കാം.

നമ്മുടെ ആദർശമായ ജനകീയ ഭരണത്തോടു അനുബന്ധിതമായ സാമ്പത്തികസമത്വം വാസ്തവീകരിക്കുന്നതിനു രണ്ടു മാർഗ്ഗത്തിൽ കൂടെവേണം പരിശ്രമിക്കാൻ.

ഒന്നാമതായി നിർവ്വിശങ്കമായ നിയമനിർമ്മാണം വഴിയായി അനിയന്ത്രിതമായ സ്വകാര്യസ്വത്തിനെ പരിമിതപ്പെടുത്തണം. മുതലാളിമാർ അന്യായമായി വെച്ചുകൊണ്ടിരിക്കുന്ന ദരിദ്രരുടെ സ്വത്തിനെ തിരിച്ചെടുത്തു ജന്മനാ അതിന്റെ അവകാശികളായ ദരിദ്രർക്കുതന്നെ കൊടുക്കണം. സ്വകാര്യസ്വത്തു നിലനില്ക്കുകയെന്നതു അത്യാവശ്യമാണ്. അതില്ലാതെ സാക്ഷാത്തായ സ്വാതന്ത്ര്യം ഇല്ല. എന്നാൽ അതു നിയന്ത്രിതമായിരിക്കണം.

ഭാഗ്യസ്മരണാർഹനായ 11–ാം പീയൂസ് മാർപ്പാപ്പായുടെ വാക്കുകളെ ശ്രദ്ധിച്ചാലും: അദ്ദേഹം പറയുന്നു: "ഒരാൾക്കു തന്റെ സ്ഥിതിക്കനുസൃതമായവിധം ജീവിക്കുന്നതിന് ആവശ്യമുള്ളതുകഴിഞ്ഞു മിച്ചമുള്ള സമ്പത്ത് സ്വാഭീഷ്ടാനുസരണം വെച്ചുകൊണ്ടിരിക്കാവുന്നതല്ല. നേരേമറിച്ച്, ഉപവി, ഉദാരമനസ്കത, പരോപകാരതല്പരത മുതലായി ധനികർക്കുള്ള ഗൌരവതരമായ കടമകളെപ്പറ്റി വി. ലിഖിതവും, സഭാപിതാക്കന്മാരും സുശക്തമായ വാക്കുകളിൽ ഉൽബോധിപ്പിക്കുന്നു."

ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു സംഗതി, എല്ലാക്കുടുംബങ്ങൾക്കും സ്വന്ത ആവശ്യങ്ങൾക്ക് പര്യാപ്തമായ സ്വകാര്യസ്വത്തോ അതിനെ പ്രാപിക്കുന്നതിനുള്ള സുരക്ഷിതമായ മാർഗ്ഗമോ ഉണ്ടാക്കി കൊടുക്കുകയെന്ന

താണ്. ഇന്നത്തെ ദുരവസ്ഥകൾക്കു കാരണം സ്വകാൎയ്യസ്വത്തിൻെറ താത്വികമായ വശമല്ല, അതിൻെറ ദുരുപയോഗമാണ്. ഏതാനുംപേർ അനിയന്ത്രിതവും അനീതിപരവുമായവിധം സമ്പത്തിനെ വൎദ്ധിപ്പിക്കുമ്പോൾ അനേക ലക്ഷങ്ങൾ തങ്ങളുടെ നിത്യാവശ്യങ്ങൾക്കു വേണ്ടതുപോലുമില്ലാതെ കഷ്ടപ്പെടുന്നു. ഈ സ്ഥിതി മാറാതെ നിവൃത്തിയില്ല. ഇതു സാധിക്കേണ്ടതു നീതിബോധമുള്ളതും ജനസമ്മതവുമായ രാഷ്ട്രീയ ഭരണം വഴിയായി ശക്തിയുക്തങ്ങളായ നിയന്ത്രണപദ്ധതികൾ നടപ്പിൽ വരുത്തികൊണ്ടാണ്.

ഇൻഡ്യയുടെ ജനകീയനേതാവായ പണ്ഡിത് നെഹ്റു ഈയിടെ നടത്തിയ ഒരു പ്രസ്താവന ഇവിടെ സ്മൎത്തവ്യമാണ്. അദ്ദേഹത്തിൻെറ അഭിപ്രായമനുസരിച്ചു ഭാവി ഇൻഡ്യയിൽ വ്യക്തിപരമായ സ്വാതന്ത്ര്യവും പ്രവൎത്തന സാദ്ധ്യതയും ഉണ്ടായിരിക്കണം. അതേസമയം തന്നെ വിപുലമായ തോതിലുള്ള സാമ്പത്തിക നിയന്ത്രണങ്ങളും ആവശ്യമാണ്.

രണ്ടാമതായി നാം ചെയ്യേണ്ടതു് നേരിട്ടുള്ള പ്രവൎത്തനങ്ങളാൽ സാധുക്കളുടെ നിലയെ ഉയൎത്തുവാൻ പരിശ്രമിക്കുകയാണ്. ഇൻഡ്യയുടെ നട്ടെല്ലായ കോടാകോടി സാധുകൎഷകരുടെ സ്ഥിതി ഉയൎത്തുന്നതോടുകൂടി രാജ്യത്തിൻെറ ആകമാനമുള്ള സ്ഥിതി പാടെ മാറും. "ഇൻഡ്യയിലുള്ള ഏഴുലക്ഷം ഗ്രാമങ്ങളെ സ്വപൎയ്യാപ്തമാക്കുക, അപ്പോൾ സ്വരാജ്യം താനെ വന്നുകൊള്ളും" എന്നാണ് മഹാത്മാഗാന്ധി ഉൽബോധിപ്പിക്കുന്നതു്.

പ്രായോഗികമായ ഗ്രാമോദ്ധാരണ പദ്ധതികൾ ഇതിലേക്ക് വളരെയുപകരിക്കും. പക്ഷെ നമ്മുടെ നാട്ടിൽ സാധാരണയായി സംഭവിക്കാറുള്ളതുപോലെ അതു വെറും പ്രസംഗപരമായിരിക്കരുതു്, പ്രവൃത്തിപരമായിരിക്കണം. സാധുക്കളായ ഗ്രാമീണൎക്ക് അത്യാവശ്യമായ വിദ്യാഭ്യാസം നല്കുക; കന്നുകാലിവളൎത്തൽ (ഇക്കാൎയ്യത്തിൽ നമ്മുടെ നാട്ടിലെ സ്ഥിതി എത്രയോ ശോചനീയമാണ്!) നെയ്ത്തു്, ശാസ്ത്രീയമായ കൃഷി വികസനം മുതലായവ അവ

രെ പഠിപ്പിക്കുക; [illegible]ണം, വൈദ്യസഹായം മുതലായവയാൽ [illegible] ആരോഗ്യസ്ഥിതിയെ നന്നാക്കുക; ഇതെല്ലാം [illegible]രായ യുവജനങ്ങൾക്ക് സാധിക്കാവുന്ന സം[illegible]ണ്. ഇപ്രകാരം നാം ചെയ്യുന്നപക്ഷം ഒരു [illegible]ർദ്ധ്യാ മഹാരാജ്യം നമ്മുടെ കൺമുമ്പിൽ അ[illegible]മായി നമുക്ക് അനുഭവപ്പെടും.

ഒരു സംഗതികൂടെ പ്രസ്താവിച്ചുകൊണ്ട് ഈ ലേഖനപരമ്പര അവസാനിപ്പിച്ചുകൊള്ളാം. സാക്ഷാത്തായ സമുദായസേവനത്തിന്റെ അടിസ്ഥാനം ത്യാഗവും സ്നേഹവും ആണ്. നമ്മുടെ സമുദായത്തെ സമുദ്ധരിക്കുന്നതിന് ആത്മാർത്ഥമായി നാം ആഗ്രഹിക്കുന്നെങ്കിൽ ആ സമുദായത്തെ, പ്രത്യേകിച്ചും ബലഹീനരായ അതിന്റെ അംഗങ്ങളെ സ്നേഹിക്കണം. അവർക്കുവേണ്ടി നമ്മുടെ സമ്പത്തും, ആരോഗ്യവും, സമയവും, ജീവനുംപോലും നല്കുവാൻ നാം സന്നദ്ധരായിരിക്കണം. ത്യാഗസന്നദ്ധരും, ആദർശനിഷ്ഠരും കർമ്മധീരരുമായ നമ്മുടെ യുവജനങ്ങൾക്ക് ഇക്കാര്യത്തിൽ എത്രയോ ഉന്നതവും അന്യാദൃശവുമായ ഒരു മാതൃകയാണു നമ്മുടെ ദിവ്യനാഥനായ മിശിഹാ നല്കുന്നത്! സ്വാഭാവികമായ വീക്ഷണകോണിൽക്കൂടെ നോക്കിയാൽപോലും ഇത്ര അഗാധവും ആശാസ്യവുമായ പരിവർത്തനങ്ങൾ ലോകത്തിൽ വരുത്തിയിട്ടുള്ള ഒരു നേതാവ് ഉണ്ടായിട്ടില്ല; ഇനിയും ഉണ്ടാവുകയുമില്ല. എന്നാൽ തന്റെ സേവനത്തിന്റെ അടിസ്ഥാനം പരിപൂർണ്ണമായ പരിത്യാഗത്തിന്റെ പാരമ്യത്തിലെത്തിയ പരസ്നേഹമായിരുന്നു. ഇതാ നമ്മുടെ നേതാവ്; ഇതാ നമ്മുടെ ആദർശം!

Printed and Published for the Proprietor [illegible]
P. K. Joseph at the St. Joseph's Press, Mann[illegible]n.

Sc/74

# നമ്മുടെ ഭാവി

S. H. SCHOLASTICATE
CHETHIPUZHA
CHANGANACHERRY.

(രണ്ടാം പതിപ്പ്)

LIBRARY

ഫാദർ ഫിലിപ്പ് ഒ. സി. ഡി.

1946/ S. J. Press, / Mannanam.